# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 നവംബർ 14 | ദീപം 57 | നാളം 36 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


## കൂപ്പുകുത്തി റബർ

# കർഷകരക്ഷയ്ക്ക് കർഷകർമാത്രം




അനിൽ ജെ. തയ്യിൽ




**2024** ഓഗസ്റ്റ് 10. റബർവില കേരളത്തിൽ എക്കാലത്തെയും ഉയരം തൊട്ട ദിനം. കിലോയ്ക്ക് 247 രൂപ! ഇതിനുമുമ്പ് ഇങ്ങനെഒരു വിലയ്ക്കടുത്തെത്തിയത് 2011 ൽ.

പ്രത്യാശയുടെ തളിർപ്പണിഞ്ഞ കർഷകഹൃദയങ്ങളെ തകർത്തെറിഞ്ഞ് വിലയിടിവിന്റെ കൂപ്പുകുത്തലിനാണ് തുടർന്നുള്ള ദിവസങ്ങൾ സാക്ഷ്യം വഹിച്ചത്. മുളപൊട്ടിയ പ്രതീക്ഷകൾ കരിഞ്ഞുതുടങ്ങിയതോടെ പലരും കൈയിലെടുത്ത ടാപ്പിങ്കത്തികൾ താഴെ വച്ചു. സജീവമായ പല റബർ തോട്ടങ്ങളും വീണ്ടും നിശ്ചലമായി. 12 വർഷങ്ങൾക്കുശേഷമാണ് റബ്ബറിന് 200 നു മുകളിൽ വില ലഭിക്കുന്നത്. 1980 കൾക്കുശേഷം ആഗോളവിപണിയും ആഭ്യന്തരവിപണിയും തമ്മിലുള്ള വിലവ്യത്യാസം ഏറ്റവും കൂടുതലായി രേഖപ്പെടുത്തുന്നതും ഇപ്പോഴാണ്. റബർവില കുറയുമ്പോൾ റബർ ഉത്പന്നങ്ങളുടെ വില ഉയരുന്നു എന്നതാണു വിരോധാഭാസം.

ഇപ്പോൾ മാർക്കറ്റ് വില 184 രൂപയാണെങ്കിലും വ്യാപാര വില 177 രൂപയാണ്. തുടർച്ചയായ വിലയിടിവിനെത്തുടർന്ന് ഇതിൽനിന്ന് 5 മുതൽ 10 വരെ രൂപ താഴ്ത്തിയാണ് വ്യാപാരികൾ ചരക്കെടുക്കുന്നത്.

**പെട്ടെന്നൊരു വിലക്കയറ്റം**

കണ്ടെയ്നറുകളുടെ ലഭ്യതക്കുറവുമൂലം വിദേശറബറിന്റെ ഇറക്കുമതി താത്കാലികമായി നിലച്ചതാണ് പ്രധാന കാരണം. അനങ്ങിത്തുടങ്ങിയ വിലയുടെ പ്രതീക്ഷയിൽ വ്യാപാരികൾ ഏറെ റബർ സംഭരിക്കുകയും ചെയ്തു. അങ്ങനെ വിപണിയിൽ പെട്ടെന്നുണ്ടായ ലഭ്യതക്കുറവ് വിലക്കയറ്റത്തിന്റെ ആക്കംകൂട്ടി. ഒപ്പം, മഴമൂലം കേരളത്തിൽ ഉത്പാദനം കുറഞ്ഞതും വില കൂടാൻ കാരണമായി.

**വിലയിടിവിലേക്ക്**

കണ്ടെയ്നർ ലഭ്യതയിലെ പ്രശ്നങ്ങളൊഴിഞ്ഞതോടെ വിദേശറബർലഭ്യത സുഗമമായി. വില കയറിയതോടെ കേരളത്തിലെ തോട്ടങ്ങളിൽനിന്ന് വൻതോതിൽ ചരക്ക് വിപണിയിലെത്തി. വിലയിടിഞ്ഞ സമയത്ത് പതിവുപോലെ ടയർ കമ്പനികൾ ആവശ്യത്തിലധികം റബർ സ്റ്റോക്ക് ചെയ്തിരുന്നു. അങ്ങനെ ലഭ്യത കൂടി ഡിമാൻഡ് കുറഞ്ഞതോടെ റബർ വില കൂപ്പുകുത്താൻ തുടങ്ങി. കൈവശമിരിക്കുന്ന ചരക്ക് ഏറെക്കാലമൊന്നും വിൽക്കാതെ പിടിച്ചുവച്ചുകൊണ്ടിരിക്കാൻ ചെറുകിട വ്യാപാരികൾക്കാവില്ല. അതുകൊണ്ടുതന്നെ വിപണിയിൽ റബർ ലഭ്യതക്കുറവുണ്ടാവാനും ഇടയില്ല. ഇനിയും വില താഴോട്ടുപോകുമെന്നു നിരീക്ഷിക്കപ്പെടുന്നു. താങ്ങുവില 180 രൂപയുണ്ട് എന്നുള്ളതാണ് നേരിയൊരാശ്വാസമെങ്കിലും സബ്സിഡിത്തുക ലഭിക്കാൻ മാസങ്ങൾ കാത്തിരിക്കണമെന്നതാണു ദുര്യോഗം.

**കൂട്ടിമുട്ടാതെ വരവും ചെലവും**

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഉത്പാദനച്ചെലവ് കിലോയ്ക്ക് 60 രൂപയാകുമ്പോൾ കേരളത്തിൽ 117 രൂപ വരും എന്നായിരുന്നു 2015 ൽ തിരുവനന്തപുരം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയ പഠനം കണ്ടെത്തിയത്. കേരളത്തിൽ റബർ കർഷകർക്ക് കൃഷിയുമായി മുന്നോട്ടുപോവാനാവാത്ത അവസ്ഥയാണെന്ന് ഒമ്പതു വർഷം മുമ്പത്തെ പഠനത്തിൽ അവർ സൂചിപ്പിച്ചു. കാർഷിക പണപ്പെരുപ്പനിരക്ക് ആറു ശതമാനം ആണെന്നിരിക്കേ 2024 ൽ കിലോയ്ക്ക് 205 രൂപയാകും ഉത്പാദനച്ചെലവ്. ഈ പറയുന്നതെല്ലാം ആർ.എസ്.എസ് 4 ന്റെ വിലയാണ് എന്നുകൂടി ഓർക്കണം. ഉത്പാദനച്ചെലവിന്റെ 50 ശതമാനംകൂടി ചേർത്ത താങ്ങുവിലയാണ് കർഷകർക്കു നൽകേണ്ടത് എന്നിരിക്കേ, 260 രൂപയെങ്കിലും താങ്ങുവില ലഭിക്കേണ്ടതാണ്.

**കർഷകനട്ടെല്ലൊടിച്ചത് 'ടയർ കാർട്ടൽ?!'**

ടയർവില അനിയന്ത്രിതമായി കൂട്ടുന്നതിനു കുത്തകക്കമ്പനികൾ നിയമവിരുദ്ധമായി സംഘം ചേരുന്നതിനെയാണ് 'ടയർ കാർട്ടൽ' എന്നു വിശേഷിപ്പിക്കുന്നത്. കൊടുംലാഭം എന്ന ലക്ഷ്യത്തിൽ ഒരേ മനസ്സോടെ അവർ കൈകോർത്തപ്പോൾ കമ്പനികൾ തമ്മിലുള്ള മത്സരം ഇല്ലാതാവുകയും ലാഭം കുന്നുകൂടുകയും ചെയ്തു.

ഇതേ നയംതന്നെ അവർ റബർവിപണിയിലും നടപ്പാക്കി. കമ്പനിയുടെ പർച്ചേസ് മാനേജർമാർ പരസ്പരധാരണപ്രകാരം ഒന്നുചേർന്ന് വിലയിടിച്ച് റബർ വാങ്ങുന്നു. വില കയറുമ്പോഴാവട്ടെ, അതേ ധാരണപ്രകാരം വിപണിയിൽനിന്നു വിട്ടുനിൽക്കുകയും ചെയ്യുന്നു. 2011 ൽ വർധിച്ച ടയർവില കുറയാതിരിക്കാൻ കമ്പനികൾ എ.ടി.എം.എയുടെ (ഓട്ടോമാറ്റിക് ടയർ മാനുഫാക്ചേർസ് അസോസിയേഷൻ) നേതൃത്വത്തിൽ റബർ കാർട്ടലുകൾ ഉണ്ടാക്കി ഒത്തുകളിച്ചു. ഇതിന്റെ പേരിൽ 2018 ൽ കോംപറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ എം.ആർ.എഫ്. അടക്കമുള്ള ടയർ കമ്പനികൾക്കും എ.ടി.എം.എയ്ക്കുംചേർത്ത് 1788 കോടി രൂപ പിഴയിടുകയും ഈ തുക രാജ്യത്തെ റബർക്കർഷകർക്കു നൽകണമെന്ന് ഉത്തരവിടുകയും ചെയ്തു. എന്നാൽ, എം.ആർ.എഫ്, സിയറ്റ്, അപ്പോളോ, ജെ.കെ. ടയേഴ്സ്, ബിർള, എ.ടി.എം.എ. എന്നിവർ ഈ വിധിക്കെതിരേ സുപ്രീംകോടതിയെ സമീപിച്ചിരിക്കുകയാണ്.

റബർവില കുറയ്ക്കണമെന്ന് മുമ്പ് എ.ടി.എം.എ കേന്ദ്രത്തോട് ആവശ്യപ്പെട്ടതനുസരിച്ചാണ് 2013 ൽ കേന്ദ്രം റബർ കയറ്റുമതിക്ക് നിയന്ത്രണമേർപ്പെടുത്തിയത്. അന്ന് സ്വാഭാവികറബറിന്റെ കയറ്റുമതി 30.59 മെട്രിക് ടണ്ണായിരുന്നത് 2023 ആയപ്പോഴേക്കും വെറും 3.7 മെട്രിക് ടണ്ണായി കുറഞ്ഞു. അതേസമയം, ഇറക്കുമതിയാവട്ടെ നടപ്പുസാമ്പത്തികവർഷം ഏപ്രിൽമുതൽ സെപ്റ്റംബർവരെയുള്ള മാസങ്ങളിൽ 3,10,713 ടണ്ണാണ്. കഴിഞ്ഞ സാമ്പത്തികവർഷം ഇതേസമയം 2,54,488 ടണ്ണായിരുന്നു. ഇത്രത്തോളം ഭീകരമാണ് കയറ്റുമതി-ഇറക്കുമതി വ്യത്യാസം! അന്താരാഷ്ട്ര വിപണിയിൽ ആഭ്യന്തരവിപണിയെക്കാൾ കിലോയ്ക്ക് 30 രൂപ വില കൂടുതലുള്ളപ്പോഴാണ് റബർ ഉത്പാദനത്തിൽ ലോകത്ത് നാലാംസ്ഥാനത്തു നിൽക്കുന്ന രാജ്യം ഇങ്ങനെ ഇറക്കുമതി ചെയ്യുന്നത് എന്നോർക്കണം. കർഷകരക്ഷയും കർഷകസ്നേഹവും എട്ടിലെ പശു വായിമാത്രം ഒതുങ്ങുന്നതിന്റെ നേർച്ചിത്രമാണിത്. സർക്കാരിൽ കുത്തകകൾക്കുള്ള സ്വാധീനവും ഇവിടെ വ്യക്തമാവുന്നു.

അതേസമയം, ടയർവിലയാവട്ടെ അതിവേഗം ബഹുദൂരം മുന്നോട്ടുപോയി. 2011-15 കാലഘട്ടത്തിൽ 15,000-30,000 നിരക്കിൽ നിന്നിരുന്ന ട്രക്ക് ടയർ വില 2024 ആയപ്പോൾ 30,000-70,000 നിരക്കിലായി. 2018 ൽ ശരാശരി 2500 രൂപയായിരുന്ന കാർ ടയർ വില ഇപ്പോൾ 5000-6000 നിരക്കിലാണ്. ടയർ വില വീണ്ടും വർധിക്കുമെന്ന് അറിയിച്ചിട്ടുള്ള ടയർകമ്പനികൾ അതിനു പറയുന്ന ന്യായം 'സ്വാഭാവികറബറിന്റെ ക്ഷാമവും വിലവർധനയും' എന്നാണ്! ടയർവില കൂട്ടാനായി റബർവില കൂട്ടുകയും ടയർ വില കൂട്ടിക്കഴിയുമ്പോൾ റബർ വില താഴുകയും ചെയ്യുന്ന ഒരു പ്രത്യേകതരം പ്രതിഭാസം! റബർ വിലയിടിവുമൂലം വിപണിയിൽ ഓരോ വർഷവും ശരാശരി 34,000 കോടി രൂപയുടെ നഷ്ടമാണ് ഉണ്ടാവുന്നത്.

**മറ്റു പ്രശ്നങ്ങൾ**

ടാപ്പിങ് തൊഴിലാളി ക്ഷാമം, സംസ്കരണച്ചെലവുകൾ, ഗതാഗതച്ചെലവ് തുടങ്ങി, കാലാവസ്ഥാവ്യതിയാനവും വന്യമൃഗശല്യവുംവരെ റബർകർഷകർക്കു ഭീഷണിയായി മാറിയിട്ടുണ്ട്. 2007 ൽ ഹെക്ടറിൽ ശരാശരി 1960 കിലോ റബർ ഉത്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ ലഭിക്കുന്നത് 1300 കിലോമാത്രം. ടാപ്പിങ് അവസാനിപ്പിച്ച് മരങ്ങൾ വിൽക്കുന്ന വേളയിലാവട്ടെ വിലയുടെ 30 ശതമാനമാണ് കർഷകർക്കു ലഭിക്കുന്നത്. ബാക്കി കച്ചവടക്കാരും ഇടനിലക്കാരും കയ്യാളുന്നു.

മുമ്പ് പല തുറമുഖങ്ങളിലും റബർ ഇറക്കുമതിക്കുണ്ടായ നിയന്ത്രണം നീക്കിയതോടെ, ഇറക്കുമതി സുഗമമായത് ആഭ്യന്തരവിപണിക്കു ദോഷമായി. കർഷകരക്ഷയ്ക്ക് എന്ന നിലയിൽ പിണറായി സർക്കാർ വാഗ്ദാനം ചെയ്ത 'കേരള റബർ ലിമിറ്റഡ് കമ്പനി' മറ്റ് 'കെ' പദ്ധതികൾപോലെ ഇപ്പോഴും ശൂന്യതയിൽത്തന്നെ. റബർ ഗവേഷണകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ചു സജീവമല്ല എന്നുമാത്രമല്ല, മിക്ക സ്ഥാപനങ്ങളിലും അനേകം തസ്തികകൾ നികത്താതെ ഒഴിഞ്ഞു കിടക്കുകയുമാണ്.


▶ 04

# ലാളിത്യം സുവിശേഷമാക്കിയ ഇടയശ്രേഷ്ഠൻ

## ഒക്ടോബർ 31 ന് കാലം ചെയ്ത യാക്കോബായ സുറിയാനിസഭയുടെ ശ്രേഷ്ഠകാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവായെ ഓർക്കുമ്പോൾ



**ഡോ. സിറിയക് തോമസ്**

രണ്ടു പതിറ്റാണ്ടിലേറെക്കാലം യാക്കോബായ സുറിയാനിസഭയുടെ തലവനും ശ്രേഷ്ഠകാതോലിക്കയുമായിരുന്ന ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായെക്കുറിച്ചു ചിന്തിക്കുമ്പോൾ മനസ്സിൽ നിറയുന്നത് അദ്ദേഹത്തിന്റെ ലാളിത്യമാർന്ന ജീവിതമാണ്.

ദൈവവിജ്ഞാനീയത്തിന്റെ ആഴങ്ങളെക്കുറിച്ചുള്ള അവഗാഹമൊന്നും ശ്രേഷ്ഠ തോമസ് പ്രഥമൻ ബാവാ ഒരിക്കലും അവകാശപ്പെട്ടിരുന്നില്ല. തന്റെ സഭയ്ക്കുവേണ്ടി 'വലിയ ഇടയൻ' കണ്ടെത്തിയ 'പാവം ഇടയച്ചെറുക്ക'നാണു താനെന്ന് ഏറ്റുപറയാനുള്ള വിനയവും ധൈര്യവും അദ്ദേഹത്തിന് എന്നുമുണ്ടായിരുന്നു. ബാവാതിരുമേനിയുടെ വലുപ്പം ഈ വിനയത്തിലായിരുന്നു. സർവശക്തന്റെ കൈയിലെ ഒരു ഉപകരണംമാത്രമാണു താനെന്നുള്ള ബോധ്യം അദ്ദേഹത്തെ മുന്നോട്ടുനയിച്ചു.

തപസ്സും ഉപവാസവും ധ്യാനവും പ്രാർഥനയുമായിരുന്നു ബാവായുടെ ജീവിതമുദ്ര. ഉപവാസദിവസങ്ങളായിരുന്നു ബാവയുടെ കലണ്ടറിലധികവും. അതിരാവിലെ ഉണർന്ന്, അർധരാത്രി കഴിഞ്ഞാലും തീരാത്തതായിരുന്നു തിരുമേനിയുടെ ദിവസങ്ങൾ. ഏതു പാതിരായ്ക്കു വിളിച്ചാലും ബാവാതന്നെ ഫോണെടുക്കുന്നതും അതുകൊണ്ടായിരുന്നല്ലോ. എത്ര വൈകി വിളിക്കുന്നവരോടും ബാവായ്ക്കു പരിഭവമില്ലായിരുന്നു. ബാവായ്ക്കെല്ലാവരോടും വാത്സല്യംമാത്രം. അതിൽ സഭാഭേദമോ സമുദായഭേദമോ മതഭേദമോ ഒന്നും അതിർവേലി കെട്ടിയില്ല. രാഷ്ട്രീയനേതാക്കളോടും ബാവായ്ക്കു വേർതിരിവില്ലായിരുന്നു. പ്രത്യയശാസ്ത്രഭേദങ്ങളൊന്നും തിരുമേനിയുടെ സ്നേഹവലയത്തിൽ വേലിക്കെട്ടുകൾ തീർത്തില്ല. അതിഥിപൂജയിൽ അഗ്രഗണ്യനായിരുന്നു തിരുമേനി. ബാവായ്ക്ക് എല്ലാവരും മക്കളായിരുന്നു. എല്ലാവരെയും എപ്പോഴായാലും അനുഗ്രഹത്തിന്റെ അകമ്പടിയോടെ അദ്ദേഹം യാത്രയാക്കി.

സഭാപിതാക്കന്മാരിൽ ഇത്രയേറെ യാത്ര ചെയ്തവരുണ്ടോയെന്നു സംശയമാണ്. പ്രായമോ അനാരോഗ്യമോ ബാവാ തിരുമേനിയുടെ യാത്രകൾക്ക് അതിർവേലി കെട്ടിയില്ല.


പ്രാർഥനയുടെ മനുഷ്യനായിരുന്നു തോമസ് പ്രഥമൻ തിരുമേനി. അദ്ദേഹത്തിന്റെ പ്രാർഥനകൾക്കും വിശുദ്ധകുർബാനകൾക്കും വിശ്വാസികളുടെ ഹൃദയത്തെ സ്പർശിക്കാനുള്ള ഒരു പ്രത്യേക ചൈതന്യമുണ്ടായിരുന്നു. ഭക്തരെ കരയിക്കുന്ന ഭക്തിയും സ്വരവും.

എന്റെ സ്വന്തം അനുഭവസാക്ഷ്യം പറഞ്ഞാൽ ബാവായ്ക്കു പ്രവചനവരവും ഉണ്ടായിരുന്നു. പ്രാർഥനയിൽ തിരുമേനി പലപ്പോഴും കാര്യങ്ങൾ മുൻകൂട്ടി കണ്ടിരുന്നു. കോട്ടയത്തു ഞാൻ വൈസ് ചാൻസലറായിരുന്ന കാലം. എന്റെ മൂത്ത മകൾ സീനയുടെ ആദ്യപ്രസവം. കുട്ടിക്കു നാഡീസംബന്ധമായ തകരാറു കണ്ടു. തൃശൂരിലെ ഹാർട്ട് ഹോസ്പിറ്റലിലാണ് അഡ്മിറ്റു ചെയ്തത്. ഡോ. കോവൂരിന്റെ ചികിത്സ. കൊച്ചുമകൾ ആൻമേരി ഒന്നിലധികം ഓപ്പറേഷനുകൾക്കു വിധേയയായി. ബാവ വിവരമറിഞ്ഞു. ഇടയ്ക്കൊക്കെ വിളിച്ചന്വേഷിക്കും. കാണുമ്പോൾ ചോദിക്കുന്നതും ആൻമേരിയുടെ കാര്യംതന്നെ. പ്രത്യേകം പ്രാർഥിക്കുന്നുണ്ടെന്നു ഞങ്ങളെ ധൈര്യപ്പെടുത്തും. അങ്ങനെയിരിക്കേ ഒരു ദിവസം പാതിരാകഴിഞ്ഞപ്പോൾ ഒരു ഫോൺ. കോതമംഗലത്തുനിന്ന് ബാവയുടെ സെക്രട്ടറിയച്ചനാണ്. ബാവാതിരുമേനി ഡമാസ്കസിൽനിന്നു വിളിച്ചുവത്രേ. കൊച്ചുമകളുടെ പേര് ആൻമേരി എന്നുതന്നെയല്ലേ എന്ന് ഉറപ്പിക്കാനാണ്. പിറ്റേന്നു ബാവാ അവിടുത്തെ ഒരു തീർഥാടനപ്പള്ളിയിലാണ് വി. കുർബാന ചൊല്ലുന്നത്. ആൻമേരിക്കുവേണ്ടി പ്രത്യേക മധ്യസ്ഥപ്രാർഥനയ്ക്കാണ് ഒന്നുകൂടി ഉറപ്പിച്ചത്. എനിക്കു കണ്ണുനിറഞ്ഞു. ഇങ്ങനെയും തിരുമേനിമാരുണ്ടല്ലോ!

കൊച്ചുമകൾക്കു രോഗം ഭേദമായിത്തുടങ്ങിയെന്നു ഡോക്ടർ പറഞ്ഞു. ഒരാഴ്ചയ്ക്കുള്ളിൽ ആശുപത്രി വിടാമെന്നും. അപ്പോഴാണ് സാധാരണ ഇൻലൻഡിൽ മഷികൊണ്ട് 'പേഴ്സണൽ' എന്നു മാർക്കു ചെയ്ത ഒരു കത്ത് എന്റെ പേർക്കു യൂണിവേഴ്സിറ്റിയിലേക്കു വരുന്നത്. ബാവായുടെ കത്താണ്. സ്വന്തം കൈപ്പടയിൽ മൂന്നോ നാലോ വാചകങ്ങൾമാത്രം. പിന്നീടാണ് ആ കത്ത് ഒരു അദ്ഭുതാനുഭവമായി മാറിയത്.

ആൻമേരിക്കുവേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കുന്നുവെന്നു തുടക്കം. രണ്ടു മൂന്നു ദിവസമായി വെളിച്ചമൊന്നും കാണുന്നില്ലെന്ന ദുഃഖം. എന്തിനും മനസ്സ് തയ്യാറായിരുന്നുകൊള്ളണമെന്ന സൂചന. വിഷമിക്കരുതെന്ന ധൈര്യപ്പെടുത്തൽ. ആരോടും ഒന്നും ഇപ്പോൾ പറയേണ്ടാ എന്ന ഉപദേശം. ബാവായുടെ ഒപ്പും. ഞാൻ സ്തബ്ധനായി.

ഉടനെ ആശുപത്രിയിൽ വിളിച്ചു. കുഞ്ഞിനു കുഴപ്പമൊന്നുമില്ലെന്നും രണ്ടു ദിവസങ്ങൾക്കുള്ളിൽ ഡിസ്ചാർജു ചെയ്യാമെന്നും ഡോക്ടറുടെ ഉറപ്പ്. പക്ഷേ, അന്നു വൈകിട്ടുമുതൽ സ്ഥിതി മാറി. പെട്ടെന്നവൾ ഗുരുതരാവസ്ഥയിലായി. രാത്രി വെളുക്കുംമുമ്പ് ആൻമേരി ദൈവസന്നിധിയിലേക്കു യാത്രയായി. ഞാനുടനെ ബാവായെ വിളിച്ചു. കുന്നംകുളത്താണ് ബാവാ. പള്ളിക്കൂദാശയിലാണ്. വരേണ്ടാ എന്നു ഞാൻ പറഞ്ഞു; വിവരമറിയിച്ചെന്നേയുള്ളൂവെന്നും. എന്നിട്ടും രാത്രി വളരെ വൈകിയിട്ടും ബാവ പാലാവഴി വന്നു. ഞങ്ങളുടെ ദുഃഖത്തിൽ പങ്കുചേർന്നു. ചേർത്തുപിടിച്ച് ആശ്വസിപ്പിച്ചു, പ്രാർഥിച്ചു. ബാവായുടെ കണ്ണുകൾ നിറഞ്ഞിരുന്നു. പൂർണസുഖമാകുന്നുവെന്നു ഡോക്ടർ പറഞ്ഞ ഞങ്ങളുടെ കൊച്ചുമകളുടെ മരണം ബാവാ എങ്ങനെ മുൻകൂട്ടിക്കണ്ടു? ഇന്നും എനിക്കറിയില്ല.



സഭകൾ തമ്മിൽ തർക്കം രൂക്ഷമായ സമയം. എ.കെ. ആന്റണിയാണു മുഖ്യമന്ത്രി. ഞാനന്ന് എം.ജിയിൽ വൈസ്ചാൻസലർ. ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ ചെയർമാനായി സർക്കാർ മധ്യസ്ഥസമിതിയുണ്ടാക്കിയിരുന്നു. ഒരു ദിവസം ആന്റണി വിളിച്ചു: "കൊള്ളാമല്ലോ. രണ്ടു ബാവാമാർക്കും – പുത്തൻകുരിശിലെയും ദേവലോകത്തെയും – സ്വീകാര്യൻ സിറിയക്കാണ്. മധ്യസ്ഥസമിതിയിൽ നിങ്ങൾകൂടി ഉണ്ടാവും." ജസ്റ്റീസ് ഷംസുദ്ദീനും സുഗതകുമാരിറ്റീച്ചറുമായിരുന്നു മറ്റംഗങ്ങൾ. ജീവിതത്തിൽ ലഭിച്ച വലിയ അംഗീകാരങ്ങളിലൊന്ന്. അനുഗ്രഹവും ഭാഗ്യവുമെന്നു പറയാം. മധ്യസ്ഥസമിതിയിലെ ഏക ക്രിസ്ത്യൻ മെമ്പർ ഞാനായിരുന്നു. ബാവാമാർക്കും ആന്റണിക്കും നന്ദി. പിന്നീട് ഭരണം മാറി ഇടതുപക്ഷസർക്കാർ വന്നപ്പോഴും കൃഷ്ണയ്യർ കമ്മിറ്റിയെ അതേപടി നിലനിർത്തി. തുടരാൻ ഞങ്ങളോടു പറഞ്ഞത് ആഭ്യന്തരമന്ത്രിയായിരുന്ന കോടിയേരിയാണ്. രണ്ടു ബാവാമാർക്കും യുഡിഎഫ്-എൽഡിഎഫ് ഗവൺമെന്റുകൾക്കും ഞങ്ങൾ ഒരുപോലെ സ്വീകാര്യരായല്ലോ!

മധ്യസ്ഥചർച്ചകൾ വെവ്വേറെയായിരുന്നു. പ്രായവും യാത്രാബുദ്ധിമുട്ടുകളും അവഗണിച്ച് എത്ര പ്രാവശ്യമാണ് കൃഷ്ണയ്യർസ്വാമി ബാവാമാരുമായി അന്ന് അനുരഞ്ജനസംഭാഷണങ്ങൾ നടത്തിയത്. രണ്ടു ബാവാതിരുമേനിമാരും അവരുടെ ശാരീരികക്ലേശങ്ങൾ വകവച്ചില്ല. എറണാകുളം എം.ജി. റോഡിലെ കൃഷ്ണയ്യരുടെ വസതിയായ സദ്ഗമയുടെ രണ്ടാംനിലയിലെ ഹാളിലേക്ക് എത്ര തവണയാണവർ നടകൾ കയറി എത്തിയിരുന്നത്. ജസ്റ്റീസ് കൃഷ്ണയ്യരുടെ നിഷ്പക്ഷതയിലും രണ്ടു ബാവാമാർക്കും പൂർണവിശ്വാസവുമുണ്ടായിരുന്നു.

സഭാതർക്കപരിഹാരത്തിന് ഒരു അഞ്ചിന ഫോർമുല ജസ്റ്റീസ് കൃഷ്ണയ്യർ തയ്യാറാക്കിയിരുന്നു. രണ്ടു ബാവാമാരെക്കൊണ്ടും ഏതാണ്ടു സമ്മതിപ്പിച്ചതുമാണ്. പക്ഷേ, അനുരഞ്ജനമുണ്ടായാൽ അതിന്റെ പൊളിറ്റിക്കൽ ക്രെഡിറ്റ് ആന്റണിക്കു പോകുമെന്ന തിരിച്ചറിവിലാകണം ആന്റണിമന്ത്രിസഭയിലെ ചില മുതിർന്ന മന്ത്രിമാർതന്നെ അവസാനനിമിഷം അത് അട്ടിമറിക്കുകയായിരുന്നുവെന്നാണ് പിന്നീട് ഞങ്ങൾക്കു മനസ്സിലായത്. ആന്റണിക്കും അത് അറിയാമായിരുന്നിരിക്കണം. അനുരഞ്ജനസാധ്യത അവസാനനിമിഷം അട്ടിമറിക്കപ്പെട്ടതിൽ ജസ്റ്റീസ് കൃഷ്ണയ്യരും വളരെ ഖിന്നനായിരുന്നു. വലിയ പദവികളിൽ ചെറിയ മനസ്സുള്ളവർ വരുന്നതിനെക്കാൾ വലിയ ദുരന്തം ഒരു സമൂഹത്തിനും വേറേ വരാനില്ല എന്നായിരുന്നു അതിനെക്കുറിച്ച് ജസ്റ്റീസ് കൃഷ്ണയ്യരുടെ കമന്റ്!

ബാവാതിരുമേനിയുടെ നന്മയും മഹത്ത്വവും തിരിച്ചറിയാൻ സഭാതർക്കപരിഹാരശ്രമങ്ങൾ എനിക്കും സന്ദർഭം തന്നു. സഭയിൽ സമാധാനത്തിനു സഹായകമാകുമെങ്കിൽ പദവി ഉപേക്ഷിച്ചു ശിഷ്ടകാലം ഏതെങ്കിലും ദയറായിൽ (ആശ്രമത്തിൽ) പോയി പ്രാർഥനയിൽ ചെലവഴിച്ചുകൊള്ളാമെന്ന് ആദ്യം പറഞ്ഞത് ശ്രേഷ്ഠബാവായാണ്. കൃഷ്ണയ്യരുടെ കണ്ണു നിറഞ്ഞ സന്ദർഭം.

തർക്കപരിഹാരത്തിന് ഓർത്തഡോക്സ് സഭയിലെ തന്റെ പദവിയും സ്ഥാനവുമാണു തടസ്സമെങ്കിൽ ഏതു നിമിഷവും സ്ഥാനത്യാഗത്തിനു താനും തയ്യാറാണെന്ന പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവായുടെ വാക്കുകൾ കൃഷ്ണയ്യരെ വികാരഭരിതനാക്കി. ബാവായെ ഗാഢമായി കെട്ടിപ്പുണർന്നാണ് കൃഷ്ണയ്യർ അതിനോടു പ്രതികരിച്ചത്. സഹോദരീസഭകളായി നില്ക്കുന്നതാവും ഏറ്റവും പ്രായോഗികമായ പരിഹാരമെന്ന് ഇരുവിഭാഗങ്ങളെയും ബോധ്യപ്പെടുത്താനാണ് കൃഷ്ണയ്യർ ശ്രമിച്ചത്. നിർഭാഗ്യമെന്നു പറയട്ടെ, സഭാതർക്കപരിഹാരത്തിനുള്ള വലിയ സാധ്യതയാണ് അന്ന് അവസാനനിമിഷത്തിൽ വഴുതിപ്പോയത്.

ശ്രേഷ്ഠബാവാതിരുമേനിയുടെ ഭൗതികസാന്നിധ്യം ഇനിയില്ല. അദ്ദേഹം സ്വർഗനാട്ടിലെത്തിച്ചേർന്നിരിക്കുന്നു! തനിക്കുള്ള ദൈവനിയോഗത്തെക്കുറിച്ചു തിരുമേനിക്കു പൂർണബോധ്യമുണ്ടായിരുന്നു. പ്രകൃതിയോടിണങ്ങിയ ലളിതജീവിതമാണ് അദ്ദേഹം നയിച്ചിരുന്നത്. പ്രതിസന്ധികൾ ബാവായെ തളർത്തിയിരുന്നില്ല. നമ്മുടെ നാട്ടിലെ ഒരു ഉൾനാടൻ ഗ്രാമത്തിലെ ചെറുബാലൻ ദൈവപരിപാലനയിൽ ആത്മീയതയുടെ ഔന്നത്യത്തിലെത്തിയതു പടിപടിയായി ത്യാഗത്തിന്റെ പടികൾ കയറിയാണ്. പക്ഷേ, ഓരോ പടിയിലും ബാവാതിരുമേനിയുടെ കൈപിടിച്ചതു ദൈവംതമ്പുരാനല്ലാതെ മറ്റാരുമല്ല. തമ്പുരാനെയല്ലാതെ ബാവാ ഇന്നുവരെ ആരെയും ഒന്നിനെയും ഭയപ്പെട്ടിരുന്നുമില്ല.

ത്യാഗത്തിന്റെ മഹാമേരുപർവതം കയറിയ ബാവാ അതോടൊപ്പം ദാരിദ്ര്യത്തിന്റെ സങ്കടക്കടലും നീന്തിക്കയറിയ ആത്മീയപിതാവായിരുന്നു. വന്ദ്യപിതാവിന് എന്റെ കണ്ണീരിൽ കുതിർന്ന സ്മരണാഞ്ജലി! □

# 'നമ്മളെന്താ പിള്ളേരുടെ കാവൽക്കാരോ?'



പ്രൊഫ. സിജു ജോസഫ്

നമ്മുടെ കലാലയങ്ങളെല്ലാം പുറമേ എത്ര സുന്ദരമാണ്! വിദ്യാർഥികൾക്കൊപ്പം കരം കോർത്തു നൃത്തമാടുന്ന അധ്യാപകരും പ്രിൻസിപ്പൽമാരുമൊക്കെയാണ് ഇന്ന് 'റീൽസി'ലെ ജനപ്രിയവിഭവങ്ങൾ. പ്രഥമാധ്യാപകൻ ചൂരലുപിടിച്ചു വരാന്തയിലിറങ്ങി നിന്നാൽ, കലപില കൂട്ടുന്ന പള്ളിക്കൂടമാകെ നിശ്ശബ്ദമാകുന്ന കാലത്തുനിന്നുള്ള മാറ്റത്തിന് ഒരു ചന്തമൊക്കെയുണ്ട്. ആരവങ്ങൾക്കും സംഘനൃത്തങ്ങൾക്കുമിടയിൽ ഒറ്റപ്പെട്ട നെടുവീർപ്പുകളോ നിലവിളികളോ ഉയരുന്നുണ്ടാവും. അതു തിരിച്ചറിയാനുള്ള കണ്ണും കാതും അക്കാദമിക്തിരക്കുകൾക്കിടയിൽ കലാലയങ്ങൾക്കു നഷ്ടമാകുന്നില്ലേ? പത്താംക്ലാസിലും ഹയർസെക്കൻഡറിയിലും ഉന്നതവിജയം നേടി നാടിന് അഭിമാനമായി മാറിയ വിദ്യാർഥികൾ അക്കാദമിക്സമ്മർദങ്ങളുടെയോ പ്രണയപരാജയത്തിന്റെയോ പേരിൽ ജീവനൊടുക്കുന്നു. ലഹരിയും റാഗിങ്ങും സാമൂഹികമായ ഒറ്റപ്പെടലും അരക്ഷിതമായ കുടുംബസാഹചര്യവും സൈബർകെണികളും എല്ലാം വിദ്യാർഥികളുടെ ആത്മഹത്യയ്ക്കു കാരണമാകുന്ന പ്രധാന പ്രശ്നങ്ങളായി കേന്ദ്രസർക്കാർ രാജ്യസഭയിൽ അവതരിപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്.

ഇന്ത്യയുടെ ജനസംഖ്യാവളർച്ചാ നിരക്കിനെക്കാൾ അധികമായി വിദ്യാർഥികൾക്കിടയിലെ ആത്മഹത്യാനിരക്കു കൂടുന്നു എന്നാണ് നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ പുതിയ കണക്കുകൾ വ്യക്തമാക്കുന്നത്. പത്തുവർഷത്തിനിടയ്ക്ക് 24 വയസ്സിൽ താഴെയുള്ളവരുടെ ജനസംഖ്യ 58.2 കോടിയിൽനിന്ന് 58.1 കോടിയായി ചുരുങ്ങിയപ്പോൾ വിദ്യാർഥികളുടെ ആത്മഹത്യ 6654 ൽനിന്ന് 13044 ആയി ഉയർന്നു. ഇന്ത്യയിലെ ആത്മഹത്യാനിരക്ക് ഓരോ വർഷവും രണ്ടുശതമാനംവച്ചു വർധിക്കുമ്പോൾ വിദ്യാർഥികളിലെ ആത്മഹത്യാനിരക്ക് നാലു ശതമാനമാണു വർധിക്കുന്നത്. കഴിഞ്ഞ ആറു വർഷത്തിനുള്ളിൽ ഒമ്പതിനായിരത്തോളം യുവാക്കളാണ് കേരളത്തിൽ ആത്മഹത്യ ചെയ്തത് എന്നാണ് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ വ്യക്തമാക്കിയത്.

IIT, NIT, IIM പോലുള്ള ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലാണ് ഏറ്റവും കൂടുതൽ വിദ്യാർഥികൾ ആത്മഹത്യ ചെയ്യുന്നത്. രാജ്യം നേരിടുന്ന ഏറ്റവും വലിയ തകർച്ചയായി ഈ യാഥാർഥ്യത്തെ അഭിമുഖീകരിക്കാൻ നാം ഇപ്പോഴും തയ്യാറായിട്ടില്ല. ക്ലാസുകളിൽനിന്നു കുട്ടികൾ കൊഴിഞ്ഞുപോകുന്നതിനെക്കുറിച്ചും യുവാക്കൾ കൂട്ടത്തോടെ വിദേശരാജ്യങ്ങളിലേക്കു ജോലിക്കും സ്ഥിരതാമസത്തിനുമായി പോകുന്നതിനെക്കുറിച്ചുമെല്ലാം നാം ചർച്ച ചെയ്യുന്നുണ്ട്.

എപ്പോഴോ ദിശതെറ്റി സഞ്ചരിച്ചുതുടങ്ങി എന്നു തോന്നിയ വിദ്യാർഥിയെക്കുറിച്ചുള്ള സംസാരത്തിനിടയിൽ ഒരു അധ്യാപകസുഹൃത്ത് ഒരിക്കൽ ആവേശത്തോടെ നടത്തിയ പ്രതികരണമാണ് ഈ ലേഖനത്തിന്റെ ശീർഷകം. ശരിയായിരിക്കാം, രണ്ടായിരത്തോളം കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങളിൽ ഓരോരുത്തരും എപ്പോൾ വരുന്നു, എങ്ങോട്ടു പോകുന്നു, കൂട്ടുകാർ ആരൊക്കെയാണ്, ശീലങ്ങളും ശീലക്കേടുകളും എന്തൊക്കെയാണ് എന്നു നോക്കിക്കൊണ്ടിരിക്കുക അത്ര സുഖമുള്ള കാര്യമല്ല. അവരെ വെറുതെ ഒന്നു കേൾക്കണമെങ്കിൽ പോലും എത്രയോ സമയം നാം പങ്കിട്ടു നല്കേണ്ടിവരും? കേട്ടു കഴിഞ്ഞാൽ തുടർന്ന് അഭിമുഖീകരിക്കേണ്ട സങ്കീർണതകൾ, സംഘർഷങ്ങൾ, റിസ്ക് ഫാക്ടറുകൾ എല്ലാം കണക്കിലെടുക്കുമ്പോൾ ഒന്നിച്ചൊരു സെൽഫിയുമെടുത്ത്, ട്രീറ്റും നല്കി, പാട്ടും നൃത്തവുമൊക്കെയായി മൊത്തത്തിൽ സന്തോഷിപ്പിച്ചു കടന്നുപോകുന്നതാണ് സുരക്ഷിതം എന്നു തോന്നാം.

ഞാനോർത്തത് എന്റെ മക്കളെക്കുറിച്ചാണ്. അവരുടെ അധ്യാപകരോരോരുത്തർക്കും വ്യക്തിപരമായി അവരെ അറിയാമെന്നും അവരുടെ സ്വപ്നങ്ങളും സങ്കടങ്ങളും ഏത് അധ്യാപകരോടും തുറന്നു പറയാനുള്ള സ്വാതന്ത്ര്യം അവർക്കുണ്ടെന്നും അവർക്കവിടെ സന്തോഷമാണെന്നും ഞാൻ ഉറച്ചുവിശ്വസിക്കുന്നു. അതേ വിശ്വാസത്തിലാണ് നൂറോ നൂറ്റമ്പതോ കിലോമീറ്ററുകൾക്കപ്പുറമുള്ള ഗ്രാമങ്ങളിൽനിന്ന് സ്വന്തം കുഞ്ഞുങ്ങളെ പഠിക്കാനയച്ചിട്ട് അച്ഛനമ്മമാർ കഴിയുന്നത് എന്നോർത്ത നിമിഷം മനസ്സ് അസ്വസ്ഥമായി. ശരിയുടെ ചായം പൂശി മുന്നിൽ ചിരിച്ചുനിൽക്കുന്ന ചിന്തയുടെ വാമനത്വവും വൈകല്യവും വെളിപ്പെട്ടു.

ഇഷ്ടവിഷയമോ കലാലയമോ കിട്ടാതെപോയവർ, മറ്റുള്ളവരുടെ പ്രതീക്ഷകളുടെയോ സ്വന്തം സ്വപ്നങ്ങളുടെയോ ഭാരം താങ്ങാനാവാത്തവർ, സാമൂഹികമോ ലിംഗപരമോ ആയ വിവേചനം നേരിടുന്നവർ, സൈബർ ബുള്ളിങ്ങിനും സൈബർ ഗ്രൂമിങ്ങിനും ഇരകളാക്കപ്പെടുന്നവർ, ഓൺലൈൻ ഗെയിമിന് അടിമകളായവർ, സൗഹൃദങ്ങളാൽ ചൂഷണം ചെയ്യപ്പെട്ടവർ, മാതാപിതാക്കൾ തമ്മിലുള്ള അകൽച്ചയിൽ ഒറ്റപ്പെട്ടുപോയവർ. നമുക്കു മുന്നിലൂടെ ഇണങ്ങിയും പിണങ്ങിയും ധിക്കാരം കാട്ടിയും വിധേയത്വം പ്രകടിപ്പിച്ചും കടന്നുപോയിട്ടുള്ള ശിഷ്യഗണത്തിൽ എത്രയോ പേർ ഇതിലേതെങ്കിലുമൊക്കെ അനുഭവങ്ങളിലൂടെ കടന്നുപോയിട്ടുണ്ടാവും!

ഹോസ്റ്റലുകൾ ഉപേക്ഷിച്ച് വീട് വാടകയ്ക്കെടുത്തു പഠിക്കാനെത്തുന്നവരാണ് ഇന്നു പലരും. പത്തും പന്ത്രണ്ടും മണിക്കൂറിലധികം സൈബറിടങ്ങളിൽ ചെലവഴിക്കുന്നവർ. സമൂഹമാധ്യമങ്ങളിലെ സൗഹൃദപ്പട്ടികയിൽ അപരിചിതരെ ഉൾപ്പെടുത്താതിരിക്കുക, സ്വകാര്യവിവരങ്ങൾ ചോർത്തുന്ന തരത്തിലുള്ള അനാവശ്യമായ ആപ്പുകളും മൊബൈൽ ഗെയിമുകളും ഡൗൺലോഡ് ചെയ്യാതിരിക്കുക, എത്ര ആഴമുള്ള സൗഹൃദമെന്നു തോന്നിയാലും സ്വകാര്യചിത്രങ്ങൾ പങ്കുവയ്ക്കാതിരിക്കുക, ചാറ്റുകളുടെ സ്വഭാവത്തിനും സമയത്തിനും കൃത്യമായ പരിധി നിശ്ചയിക്കുക, ക്ലാസ്മുറിയിലെ കൂട്ടുകാരെപ്പോലെതന്നെ സൈബറിടങ്ങളിലെ കൂട്ടുകാർ ആരൊക്കെയെന്നു മാതാപിതാക്കൾകൂടി അറിഞ്ഞിരിക്കുക എന്നിങ്ങനെ സൈബർ വ്യവഹാരങ്ങളെക്കുറിച്ചു ശരിയായ അവബോധം നല്കാൻ വീടുകളും കലാലയങ്ങളും പ്രാപ്തമായിരുന്നെങ്കിൽ, അതിനുവേണ്ടി മെനക്കെട്ടിരുന്നെങ്കിൽ, എത്രയോ കുഞ്ഞുങ്ങൾ ഇന്നും നമുക്കിടയിലുണ്ടാകുമായിരുന്നു.

ധിക്കാരിയും അനുസരണ കെട്ടവനുമായ ഒരു ശിഷ്യനെ ഓർമവരുന്നു. പുറത്തേക്കെറിഞ്ഞുകളയാൻ തീരുമാനിക്കപ്പെട്ട ഒരു 'ചീഞ്ഞ ആപ്പിൾ.' പകലിന്റെ പകുതിയോളം അവനെയും കൂട്ടി ഒരു യാത്രപോയി. നാലു സഹോദരങ്ങളും നാലു സ്ഥാപനങ്ങളിലായി ചിതറിക്കപ്പെട്ട ബാല്യം. അനുജനെയും കുഞ്ഞനുജത്തിമാരെയും കാണാൻ കൊതിച്ചു കരഞ്ഞ രാത്രികൾ, മാനസികവും ശാരീരികവുമായി നേരിടേണ്ടിവന്ന ദുരനുഭവങ്ങൾ, സമപ്രായക്കാരെപ്പോലെ അല്പം ചന്തത്തിൽ വസ്ത്രം ധരിച്ചു നടക്കാൻ കഴിയാത്തതിന്റെ അപകർഷം, പിന്നെ മുതിർന്നപ്പോൾ കിട്ടിയ കൂട്ടുകെട്ടുകൾ, ലഹരിയുടെ രുചി... പതിനഞ്ചു വർഷത്തെ സങ്കടങ്ങളത്രയും മൂന്നോ നാലോ മണിക്കൂറെടുത്ത് അവൻ പറഞ്ഞവസാനിപ്പിക്കുമ്പോൾ ഞങ്ങൾ ഭരണങ്ങാനത്ത് വിശുദ്ധ അൽഫോൻസാമ്മയുടെ തീർഥാടനപ്പള്ളിയുടെ മുന്നിലായിരുന്നു. അവിടെനിന്ന് അസ്സീസി ആശ്രമത്തിലെ കുമ്പസാരക്കൂടിന്റെ ശാന്തതയിൽ മുക്കാൽ മണിക്കൂറോളം അവൻ മുട്ടുകുത്തി നില്ക്കുന്നതു കണ്ടപ്പോൾ ഇനിയൊരിക്കലും അവൻ പിടിവിട്ടുപോകരുതേ എന്നായിരുന്നു എന്റെ മനസ്സിൽ പ്രാർഥന. ആ കുമ്പസാരക്കൂടു നൽകിയ സാന്ത്വനവും, ചില കുഞ്ഞുസമ്മാനങ്ങളും, അവനിലെ ചിത്രകാരനു ക്ലാസുമുറിയിൽ നല്കിയ അംഗീകാരവുമൊക്കെ ധാരാളമായിരുന്നു അവനു മുന്നോട്ടുപോകാൻ. ഇടയ്ക്കെപ്പോഴോ അവനു ചെറുതായൊന്നു കാലിടറിയപ്പോൾ, അകന്നുപോകുമെന്നു തോന്നിയപ്പോൾ, നിറഞ്ഞ ചിരിയോടെ ഒരാൾ ചോദിച്ചതോർക്കുന്നു: "സാറ് ഇന്നാള് നന്നാക്കിയെടുക്കാൻ നോക്കിയ പയ്യനല്ലേ അത്?"

ജീവിതത്തിൽ കണ്ട ഏറ്റവും ക്രൂരമായ ചിരികളിലൊന്ന് അതായിരുന്നു.

പ്രിയ സുഹൃത്തേ, ശീർഷകത്തിൽ നീ കാണുന്ന ചോദ്യത്തിനുത്തരം 'അതേ' എന്നുതന്നെയാണ്.

പ്രകാശഗോപുരങ്ങളായി വിശേഷിപ്പിക്കപ്പെട്ട കാലത്തിന്റെ മട്ടുപ്പാവിൽനിന്നിറങ്ങി ആളും അനക്കവുമുള്ള കാവൽപ്പുരകളായികൂടി അധ്യാപകജീവിതത്തെ നാം പരുവപ്പെടുത്തിയേ മതിയാകൂ.



---

കുടുംബവിളക്ക് 45



ഫാ. തോമസ് പാട്ടത്തിൽചിറ CMF

## മിത്രങ്ങൾ

മിത്രങ്ങളെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ നമ്മുടെ കുടുംബങ്ങൾക്കു കഴിയണം. കുടുംബത്തിനു പൊതുവായും കുടുംബാംഗങ്ങൾക്കു വ്യക്തിപരമായുമുള്ള സുഹൃത്തുക്കളുണ്ടാവുക തികച്ചും സ്വാഭാവികമാണ്. കുടുംബത്തിനു ചുറ്റും ഒരു സൗഹൃദവലയം സൃഷ്ടിക്കപ്പെടുന്നത് അഭിലഷണീയമാണ്. കുടുംബം വലിയൊരു സമൂഹത്തിന്റെ ഭാഗമാണെങ്കിലും ആവശ്യനേരങ്ങളിൽ അതിനോടു ചേർന്നു നിൽക്കാൻ സന്നദ്ധരായ ഒരുപറ്റം നല്ല ചങ്ങാതിമാർ ഉള്ളത് ഒരാശ്വാസവും സുരക്ഷിതത്വവുമാണ്. മാലിന്യമില്ലാത്ത മിത്രബന്ധങ്ങളാണ് ആരോഗ്യകരം. കുടുംബാംഗങ്ങളുടെ സുഹൃത്തുക്കൾ എല്ലാവർക്കും സുപരിചിതരായിരിക്കട്ടെ. മാതാപിതാക്കളുടെയും കുട്ടികളുടെയും കൂട്ടുകെട്ടുകൾ ഏതൊക്കെയാണെന്നു പരസ്പരം അറിഞ്ഞിരിക്കുന്നതു നല്ലതാണ്. അനാവശ്യമായ സംശയങ്ങളും തെറ്റുധാരണകളും ഒഴിവാക്കാൻ അത് ഏറെ സഹായിക്കും.

സുഹൃദ്ബന്ധങ്ങളിലെ ഒളിച്ചുകളികളാണ് പലപ്പോഴും കുടുംബകലഹത്തിനും ദാമ്പത്യജീവിതത്തിന്റെ തകർച്ചയ്ക്കും ഹേതുവാകുന്നത്. വാട്സാപ്പ്പോലുള്ള സമ്പർക്കമാധ്യമങ്ങളിലൂടെയുള്ള സ്നേഹിത/ സഹപാഠിക്കൂട്ടായ്മകൾ കുടുംബസമാധാനത്തിനു കുറവു വരുത്താൻ ഇടയാകരുത്. മക്കൾ ആരുടെകൂടെ എവിടെപ്പോകുന്നു, എപ്പോൾ വരുന്നു എന്ന് അപ്പനമ്മമാർ അറിഞ്ഞിരിക്കണം. അത് അവരെ അറിയിക്കുക എന്നത് മക്കളുടെ കടമയുമാണ്. കുടുംബത്തിലെ ആഘോഷങ്ങളിൽ പങ്കെടുക്കാൻ സുഹൃത്തുക്കളെയും ക്ഷണിക്കുക. വളർത്തുന്നതിനുപകരം തളർത്തുന്ന ചങ്ങാതികളിൽനിന്ന് അകലം പാലിക്കുക. കൂട്ടുകാരെ തിരഞ്ഞെടുക്കുകയെന്നത് ഒരു കലയും ഒപ്പം, സശ്രദ്ധം ചെയ്യേണ്ട ഒരു കർത്തവ്യവുമാണ്. കൂടെക്കൂടുന്നവരെല്ലാം സുഹൃത്തുക്കളായിരിക്കണമെന്നില്ല എന്ന തിരിച്ചറിവുണ്ടായാൽ നന്ന്. ആത്മാർഥമിത്രം സങ്കേതവും സുരക്ഷയും ഒരുക്കുന്ന ഒരു സത്രമാണ്. മതവിശ്വാസത്തിന്റെ കീഴ്വഴക്കങ്ങൾക്കും വ്യക്തിത്വത്തിന്റെ വിശുദ്ധിക്കും കുടുംബത്തിന്റെ കുലീനതയ്ക്കും സമൂഹത്തിലെ സദാചാരങ്ങൾക്കും നിരക്കാത്തതായ ഏതൊരു ബന്ധത്തിലേക്കുമുള്ള അന്ധമായ എടുത്തുചാട്ടം ആത്മഹത്യാപരമാണ്. ചങ്ങാതികളിലെ ചതികളെ വേർതിരിച്ചറിയാനുള്ള ഉൾക്കാഴ്ച ഓരോരുത്തരും സ്വന്തമാക്കട്ടെ. നല്ല മിത്രങ്ങളെ വീട്ടിലെ പാത്രങ്ങളെപ്പോലെ കരുതുകയും വിലമതിക്കുകയും ചെയ്യുന്ന കുടുംബം അനർഥങ്ങളുടെ അവസരങ്ങളിൽ അനാഥമാകില്ല.

*'പരീക്ഷിച്ചറിഞ്ഞേ സ്നേഹിതരെ സ്വീകരിക്കാവൂ.' (പ്രഭാ.6:7)*

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



വിവേകം നേടിയവനും ശ്രദ്ധാലുക്കളായ ശ്രോതാക്കളോടു സംസാരിക്കുന്നവനും ഭാഗ്യവാൻ!

പ്രഭാഷകൻ 25:9

**എഡിറ്റോറിയൽ**

# അക്ഷരകേരളത്തിനുണർവായി ഹോർത്തൂസ് ഉത്സവം

**ക**ടൽക്കാറ്റിലും മണൽത്തരികളിലും സ്നേഹാക്ഷരങ്ങളുടെ താളലയം സൃഷ്ടിച്ച ഹോർത്തൂസ് കലാസാഹിത്യോത്സവത്തിന് കോഴിക്കോട് ബീച്ചിലെ പ്രൗഢഗംഭീരമായ വേദിയും സാഗരവും കാലവും സാക്ഷി. ചരിത്രസ്മൃതികളുടെ ഓർമകളേറ്റുകിടക്കുന്ന കോഴിക്കോടിന്, യുനെസ്കോയുടെ സാഹിത്യനഗരപദവി സ്വന്തമാക്കിയശേഷം ആദ്യമായി അരങ്ങേറുന്ന കലാസാഹിത്യോത്സവം കടലോളം വലുതായിരുന്നുവെന്നു പറയുന്നതാവും ശരി. കേരളം ഇതുവരെ കാണാത്തത്ര സാംസ്കാരികവൈവിധ്യങ്ങളുടെ ഈ വിരുന്നുത്സവം കോഴിക്കോടൻ ജനതയ്ക്കു മാത്രമല്ല, കേരളക്കരയിലെ ഭാഷാസാഹിത്യപ്രേമികളുടെയും പ്രണേതാക്കളുടെയും ഹൃദന്തങ്ങളിൽ അക്ഷരപ്പൂക്കളായി പരിമളം പരത്തുമെന്നുറപ്പാണ്.

മലയാള മനോരമ നവംബർ ഒന്നുമുതൽ മൂന്നുവരെ കോഴിക്കോട് കടപ്പുറത്തൊരുക്കിയ ഹോർത്തൂസ് കലാസാഹിത്യോത്സവം മൂന്നു രാപകലുകളിലും ഉദ്ഘാടനത്തലേന്നത്തെ 'ദീപാവലി'പ്രഭയിൽ കുളിച്ചുനിന്നു. 'ഹോർത്തൂസ് മലബാറിക്കൂസ്' (Hortus Malabaricus) പതിനേഴാം നൂറ്റാണ്ടിൽ ആംസ്റ്റർഡാമിൽ പ്രസിദ്ധീകരിച്ച പന്ത്രണ്ടു വാല്യങ്ങളുള്ള, കേരളത്തിലെ ഔഷധച്ചെടികളെക്കുറിച്ചു വിവരിക്കുന്ന വിശിഷ്ടഗ്രന്ഥമാണ്. 'മലബാറിന്റെ ഉദ്യാനം' എന്നാണ് ഗ്രന്ഥശീർഷകത്തിന്റെ അർഥം. കോഴിക്കോട് കടപ്പുറത്ത് ഒരു സുന്ദരോദ്യാനത്തിന്റെ ഓർമയും ഓളവും ആവാഹിക്കാൻ പറ്റും വിധം അക്ഷരങ്ങളുടെ തിരത്തള്ളലാണ് ത്രിദിനോത്സവത്തിലുണ്ടായത്.

കേരളത്തിലെ സസ്യലതാദികൾ വിളംബരം ചെയ്യുന്ന ഹരിതസമൃദ്ധിയും പച്ചപ്പിന്റെ സംസ്കൃതിയും മാനവഹൃദയഭൂമിയിൽ കൃഷിചെയ്തു വേരിറക്കേണ്ട ഒരു യാഥാർഥ്യമാണെന്ന തിരിച്ചറിവാവണം ഹോർത്തൂസ് ഉത്സവം പറഞ്ഞുവയ്ക്കുന്നത്. മുഖ്യമന്ത്രി പിണറായി വിജയൻ 'അ' അക്ഷരം നട്ട് ഹോർത്തൂസ് കലാസാഹിത്യോത്സവം ഉദ്ഘാടനം ചെയ്തത് വേറിട്ട ഒരനുഭവമായിരുന്നു. സ്നേഹാക്ഷരവിത്തുകളെ മുളപ്പിച്ചു വളർത്തുന്ന സ്നിഗ്ധഭൂമിയായി മനുഷ്യഹൃദയങ്ങൾ പരിവർത്തനപ്പെടുത്തിന്നിടത്താണ് 'ഹോർത്തൂസി'ന്റെ വിജയമെന്നു നിസ്സംശയം പറയാം.

രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക സംവാദങ്ങൾക്കു ചൂടുപിടിച്ച മൂന്നുദിനങ്ങൾ കടൽത്തീരത്തെ മണൽത്തരികളോടൊപ്പം മനുഷ്യരുടെ ചിന്താശക്തിയെയും പൊള്ളിച്ചിട്ടുണ്ടാവണം. ധിഷണാശാലികളുടെയും പ്രതിഭകളുടെയും നിർണായകമായ ഇടപെടലുകളിൽ പല ചർച്ചകൾക്കും തീർച്ചയും മൂർച്ചയുമുണ്ടായി. ഏകാകിയായിരുന്നു സർഗരചന നടത്തുന്നതിനപ്പുറം ആവിഷ്കാരസ്വാതന്ത്ര്യത്തിനായി ഒന്നിച്ചുപോരാടേണ്ട കാലമാണിതെന്ന് മുഖ്യമന്ത്രി ഓർമിപ്പിച്ചു. സത്യസന്ധമായും നിർഭയമായും ആവിഷ്കാരം നടത്തിയ ഒട്ടേറെപ്പേരാണ് ദാരുണമായി കൊല്ലപ്പെട്ടത്. ഭയത്തിന്റെ നിഴലാട്ടത്തിൽ പലരും നിശ്ശബ്ദരാക്കപ്പെടുന്നു. എഴുത്തുകാർക്ക് നിർഭയരായി തങ്ങളുടെ ആശയങ്ങൾ പങ്കുവയ്ക്കാനുള്ള തുറന്ന വേദികളായി ഹോർത്തൂസ് പോലുള്ള ഉത്സവങ്ങൾ മാറണമെന്നും മുഖ്യമന്ത്രി പ്രത്യാശിച്ചു. ജീവിതവും കലയും സാഹിത്യവും സമൂഹനിർമിതിക്കു പ്രയോജനപ്പെടുന്നവയാകണമെന്നുകൂടി അദ്ദേഹം പറഞ്ഞുവച്ചു.

ആശയങ്ങളും വ്യത്യസ്ത കലാരൂപങ്ങളും സമന്വയിച്ച ഹോർത്തൂസിൽ വൈവിധ്യങ്ങളുടെ വിരുന്നുകളാണ് വിളമ്പിയത്. മലയാളത്തിലെ അതുല്യരായ വാഗ്മികളും എഴുത്തുകാരും രാജ്യാന്തരപ്രശസ്തരായ ചിന്തകരും ഒന്നുചേർന്നപ്പോൾ ആശയങ്ങളുടെ ആഴക്കടലായി മണൽപ്പുറം ഉണർന്നു. പത്തിലധികം വേദികളിലായി നൂറ്റിമുപ്പതോളം സംവാദങ്ങളും അസുലഭ കലാപ്രകടനങ്ങളും നിറവു പകർന്നു. ശംഖുപുഷ്പം, മന്ദാരം, ആറ്റുവഞ്ചി, അശോകം, അമൃത്, മൈലാഞ്ചി, മഷിത്തണ്ട് എന്നിങ്ങനെ മലയാളത്തെളിമയുള്ള പേരുകളുമായി അരങ്ങുകളുണർന്നപ്പോൾ കോഴിക്കോട്ടെ കടൽത്തിരകൾക്കെന്നവണ്ണം കേരളപ്പേരും പെരുമയും ജനമനസ്സുകളിൽ ഇരമ്പിക്കേറിയെന്നു പറയാതെ വയ്യ.

പുതുപുസ്തകം തുറക്കുമ്പോഴത്തെ പുത്തൻ മണമാണ് കടലോരത്തെ കാറ്റിന്. മലയാളത്തിലെയും രാജ്യാന്തരതലത്തിലെയും പ്രസാധകരുടെ 7500 ടൈറ്റിലുകളിലായി മൂന്നുലക്ഷത്തോളം പുസ്തകങ്ങളാണ് പ്രദർശനത്തിലും വില്പനയ്ക്കുമായി മനോരമബുക്സ് ഒരുക്കിയത്. 44 കലാകാരന്മാരുടെ സൃഷ്ടികളുള്ള കൊച്ചി ബിനാലെ ദൃശ്യവിസ്മയങ്ങൾ ഹോർത്തൂസിന്റെ മുഖ്യ ആകർഷണങ്ങളിലൊന്നായി. ഹിസ്റ്ററിലാബും ഷെഫ് സ്റ്റുഡിയോയും ചലച്ചിത്രമേളയും സംഗീതനിശയുമെല്ലാം ഹോർത്തൂസിനെ കൂടുതൽ മിഴിവുറ്റതാക്കി.

ബഷീറും എസ്.കെ.യും തിക്കോടിയനും എം.ടി.യും പോലെ മഹാന്മാരായ എഴുത്തുകാരുടെ കാല്പാടുകൾ പതിഞ്ഞ കോഴിക്കോട്ടെ കടപ്പുറത്ത് അനന്യവും അഭൂതപൂർവവുമായ സാംസ്കാരികാനുഭവമാണ് അനശ്വരമെന്നോണം മുദ്രചാർത്തപ്പെട്ടിരിക്കുന്നത്. ഹോർത്തൂസ് അവസാനിക്കുന്നില്ല, മലയാളിമനസ്സുകളെ വിമലീകരിക്കാനും ശക്തീകരിക്കാനും അതിനു തുടർച്ചകളുണ്ടാകട്ടെ എന്നുമാത്രം ആശംസിക്കുന്നു.

# ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി മാർ തോമസ് തറയിൽ സ്ഥാനമേറ്റു

ചങ്ങനാശേരി: അനേകായിരം വരുന്ന വിശ്വാസിസമൂഹത്തെ സാക്ഷിയാക്കി ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയങ്കണത്തിൽ നടന്ന ഭക്തിനിർഭരമായ തിരുക്കർമങ്ങളുടെ മംഗളചൈതന്യത്തിൽ ചങ്ങനാശേരി അതിരൂപതാധ്യക്ഷനായി മാർ തോമസ് തറയിൽ സ്ഥാനമേറ്റു. സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ മുഖ്യകാർമികത്വം വഹിച്ച ചടങ്ങിൽ പാലാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട്, ചങ്ങനാശേരിയുടെ മുൻ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം എന്നിവർ സഹകാർമികരായി.

ഒക്ടോബർ 30 ന് രാവിലെ ഒമ്പതിന് മെത്രാപ്പോലീത്തൻ പള്ളി പാരീഷ്ഹാളിൽനിന്നു ബിഷപ്പുമാർ തിരുവസ്ത്രങ്ങളണിഞ്ഞ് പ്രദക്ഷിണമായി പ്രത്യേകം തയ്യാറാക്കിയ മദ്ബഹയിലെത്തിയതോടെ ആഹ്ലാദസൂചകമായി ആചാരവെടികളും പള്ളിമണികളും മുഴങ്ങി. മാർ ജോസഫ് പെരുന്തോട്ടം ആമുഖപ്രസംഗം നടത്തി. ചാൻസലർ ഫാ. ഡോ. ഐസക് ആലഞ്ചേരി മാർ തോമസ് തറയിലിന്റെ നിയമനപത്രം വായിച്ചു. തുടർന്ന്, മാർ തോമസ് തറയിൽ മുടിയും അംശവടിയും ധരിച്ച് അതിരൂപതയുടെ അഞ്ചാമത്തെ ആർച്ചുബിഷപ്പായി പ്രത്യേകപീഠത്തിൽ ഉപവിഷ്ടനായി. തുടർന്ന് മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പുതിയ ഇടയന് അനുമോദനം അറിയിച്ചു. മാർ തോമസ് തറയിലിന്റെ മുഖ്യകാർമികത്വത്തിൽ അർപ്പിക്കപ്പെട്ട വിശുദ്ധകുർബാനമധ്യേ തിരുവനന്തപുരം ലത്തീൻ ആർച്ചുബിഷപ് ഡോ. തോമസ് ജെ. നെറ്റോ വചനസന്ദേശം നൽകി.

നുൺഷ്യോ ആർച്ചുബിഷപ് ഡോ. ലെയോപോൾദോ ജിറേല്ലി ആശംസയർപ്പിച്ചു. തിരുക്കർമങ്ങളിൽ അമ്പത് ബിഷപ്പുമാരും നൂറുകണക്കിനു വൈദികരും സന്ന്യസ്തരും അല്മായപ്രതിനിധികളും പങ്കുചേർന്നു. തുടർന്നു മാർ തോമസ് തറയിലിനെ അനുമോദിക്കുന്നതിനും മാർ ജോസഫ് പെരുന്തോട്ടത്തിനു നന്ദിയർപ്പിക്കുന്നതിനുമായി പൊതുസമ്മേളനം ചേർന്നു.

നിയുക്ത കർദിനാൾ മാർ ജോർജ് കൂവക്കാട്ട് ദീപം തെളിച്ച സമ്മേളനം കേന്ദ്രമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. സീറോ മലബാർ സഭയുടെ ചൈതന്യമാണ് ചങ്ങനാശേരി അതിരൂപതയെന്നു കേന്ദ്രമന്ത്രി പറഞ്ഞു. പ്രതിസന്ധികൾ നിറഞ്ഞ കാലഘട്ടത്തിൽ നിർമിതബുദ്ധിപോലുള്ള ശാസ്ത്രസാങ്കേതികസാഹചര്യങ്ങൾ ഉയർത്താവുന്ന പരിമിതികൾ ആത്മീയപിതാക്കന്മാർക്കടക്കം വെല്ലുവിളിയാകാമെന്ന് മന്ത്രി



*ചങ്ങനാശേരി ആർച്ചുബിഷപ്പായി സ്ഥാനമേറ്റ മാർ തോമസ് തറയിലിനെ സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ ഔദ്യോഗികപീഠത്തിൽ ഇരുത്തിയപ്പോൾ. പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം എന്നിവർ സമീപം.*

ഓർമപ്പെടുത്തി. സിബിസിഐ പ്രസിഡന്റ് ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ചു. സഭയെ സുരക്ഷിതമായി നയിക്കുന്നതിനു നേതൃത്വം നല്കിയവരാണു ചങ്ങനാശേരിയിലെ പിതാക്കന്മാരെന്നും മാർ തോമസ് തറയിലിനെ ഭാരതസഭ പ്രതീക്ഷയോടെയാണു കാണുന്നതെന്നും മാർ ആൻഡ്രൂസ്താഴത്ത് പറഞ്ഞു.

കർദിനാൾ മാർ ജോർജ് ആലഞ്ചേരി അനുഗ്രഹപ്രഭാഷണം നടത്തി. അനുഗൃഹീതരായ പിതാക്കന്മാരുടെ വലിയ പാരമ്പര്യം ചങ്ങനാശേരിയുടെ ഭാഗ്യമാണ്. പ്രതികരിക്കേണ്ട സമയത്തു കൃത്യതയോടെ പ്രതികരിക്കാനും സമൂഹത്തിന്റെ ആവശ്യങ്ങൾ വേണ്ട സ്ഥലങ്ങളിൽ താമസംകൂടാതെ എത്തിക്കാനും പിതാക്കന്മാർക്കു കഴിയണമെന്നും മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. സഹോദരസഭകളെ ചേർത്തുപിടിക്കാനും എക്യുമെനിസം ശക്തിപ്പെടുത്താനും ചങ്ങനാശേരി അതിരൂപത എക്കാലത്തും മുന്നിലുണ്ടെന്ന് അനുഗ്രഹപ്രഭാഷണത്തിൽ ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത പറഞ്ഞു. മന്ത്രി വി.എൻ. വാസവൻ, പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ, കൊടിക്കുന്നിൽ സുരേഷ് എം.പി., ജോബ് മൈക്കിൾ എം.എൽ.എ, നഗരസഭ ചെയർപേഴ്സൺ കൃഷ്ണകുമാരി രാജശേഖരൻ എന്നിവർ പ്രസംഗിച്ചു.

മലങ്കര ഓർത്തഡോക്സ് സഭാധ്യക്ഷൻ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻകാതോലിക്കാ ബാവാ വേദിയിലെത്തി ആശംസകൾ നേർന്നു. ഫാ. തോമസ് തൈക്കാട്ടുശേരി ആൻഡ് ടീമിന്റെ ആശംസാഗാനത്തോടെ ആരംഭിച്ച സമ്മേളനം സ്നേഹവിരുന്നോടെ സമാപിച്ചു.

ബാലനോവൽ 5

അന്തിനാട് ജോസ്



# കൊട്ടാരക്കെട്ടിലെ ഉറങ്ങാത്ത രാവുകൾ

രാജദൂതനും ഭടന്മാരും ആ കാഴ്ചകണ്ട് ഞെട്ടിനിന്നുപോയി. ഇത്രയേറെ പാമ്പുകളെ ഒന്നിച്ചു കാണുന്നതുതന്നെ ജീവിതത്തിലാദ്യമാണ്. എണ്ണിത്തിട്ടപ്പെടുത്താൻപോലുമാവാത്തത്രയും കൊടിയ സർപ്പങ്ങളാണ് തൊട്ടു കൺമുമ്പിൽ ഫണമുയർത്തി നിൽക്കുന്നത്.

പാമ്പുകൾ തങ്ങളെ ലക്ഷ്യമാക്കി ഇഴഞ്ഞടുക്കുന്നത് അവർ കണ്ടു. ഏതാനും നിമിഷങ്ങൾക്ക



കം അവ സമീപമെത്തും. പിന്നെ സംഭവിക്കുന്ന കാര്യം അവർക്കു ചിന്തിക്കാൻപോലും കഴിയില്ല. ഉഗ്രരൂപികളായ ഡസൻ കണക്കിനു കരിനാഗങ്ങൾ.

സർപ്പകാലന്റെ പരിപാലനത്തിലുള്ള പാമ്പുകളാണവ. കാലന്റെ ഗുഹയ്ക്കു സമീപം ആരെങ്കിലും എത്തിയാലുടൻ ശതക്കണക്കിനു പാമ്പുകൾ അവരെ വളഞ്ഞു കൊത്തി കൊല്ലും.

ഒരു പ്രത്യേകദൂതൻ മുഖാന്തരം താഴ്വരസൂക്ഷിപ്പുകാരുടെ അനുവാദത്തോടെമാത്രമേ സർപ്പകാലനെ കാണാൻ സാധിക്കുകയുള്ളൂ. എന്നാൽ, കൊട്ടാരത്തിൽ സർപ്പം കയറിയ നിമിഷം! അതൊന്നും ഓർമിക്കാൻ പോലും ആർക്കും കഴിഞ്ഞില്ല. തന്നിമിത്തം രാജദൂതനും ഭടന്മാരും വലിയൊരു വിപത്തിൽ ചെന്നു ചാടിയിരിക്കുന്നു.

എല്ലാവരും ഭയന്നുവിറച്ചു.

ഇനി എന്തു ചെയ്യും? എങ്ങനെ രക്ഷപ്പെടേണ്ടതെന്നറിയാതെ അവർ പകച്ചുനിന്നു.

"ന്റമ്മോ രക്ഷിക്കണേ" രാജദൂതൻ ഭയംകൊണ്ട് അലറിക്കരഞ്ഞു. അതുകേട്ട രാജഭടന്മാരും അറിയാതെ നിലവിളിച്ചുപോയി.

സർപ്പങ്ങൾ ക്രമേണ അടുത്തുവരികയാണ്. അതനുസരിച്ച് രാജദൂതനും സംഘവും പിന്നോട്ടുമാറുകയാണ്. സർപ്പങ്ങൾ ഒറ്റക്കുതിപ്പിനു ചാടിയാൽ എല്ലാവരുടെയും ജീവൻ സർപ്പദംശനമേറ്റ് അവസാനിച്ചതുതന്നെ.

"ദൈവമേ, ഞങ്ങളെ രക്ഷിക്കണേ." അവർ ഒരേസ്വരത്തിൽ ദൈവത്തോടു കേണപേക്ഷിച്ചു. മരണം മുഖാമുഖം കാണുകയാണ്.

"നമുക്ക് ഓടിച്ചെന്ന് കുതിര വണ്ടിയിൽ കയറി രക്ഷപ്പെട്ടാലോ? അതല്ലാതെ മറ്റൊരു മാർഗവുമില്ല."

രാജദൂതൻ വേഗം കുതിരയുടെ സമീപത്തേക്ക് ഓടാൻ ഭാവിച്ചു.

"...അരുത്... "രാജഭടൻ പറഞ്ഞു. "സർപ്പകാലനെ കൂടാതെ അങ്ങോട്ടു ചെല്ലാനാവില്ല. ജീവൻ ത്യജിച്ചായാലും കാലനെ കണ്ടേ പറ്റൂ."

"എന്നു കരുതി പാമ്പുകടിയേറ്റു ചാകാൻ പറ്റുമോ?" ദൂതൻ വിറയ്ക്കുന്ന സ്വരത്തിൽ പറഞ്ഞു.

"എങ്കിൽ നമ്മളെല്ലാം മരിച്ചതുതന്നെ. ഒരു സംശയവുമില്ല.

ഭടന്മാർ വേവലാതിയോടെ അങ്ങോട്ടും ഇങ്ങോട്ടും ഓടാൻ തുടങ്ങി.

രാജദൂതന് പെട്ടെന്നൊരു ബുദ്ധിതോന്നി.

സർപ്പകാലന്റെ ഉടമസ്ഥതയിലുള്ളതാണല്ലോ പാമ്പുകളെല്ലാം. അവയുടെ ആക്രമണത്തിൽ നിന്നു രക്ഷപ്പെടണമെങ്കിൽ തീർച്ചയായും അദ്ദേഹത്തിന്റെ കാരുണ്യം ലഭിക്കണം. അതിനുവേണ്ടി എന്താണു ചെയ്യേണ്ടതെന്ന് ഒരു നിശ്ചയവുമില്ല. എങ്കിലും രാജദൂതൻ അത്യുച്ചത്തിൽ അലറിവിളിച്ചു:

"സർപ്പകാലാ! സർപ്പകാലാ' ഞങ്ങളെ രക്ഷിക്കണേ! - ഈ പാമ്പുകളെ അങ്ങു തിരിച്ചു വിളിക്കണേ അടിയങ്ങൾ അങ്ങയെ കാണാൻ ഇവിടെ എത്തിയതാണേ."

അതുകേട്ട് അവിടെ നിന്നവരെല്ലാം സർപ്പകാലനെ അലറിവിളിച്ച് അപേക്ഷിച്ചു.

"ഞങ്ങളെ രക്ഷിക്കണേ... രക്ഷിക്കണേ..."

പെട്ടെന്ന് ഒരു വിചിത്രമനുഷ്യജീവി സമീപത്തെ ഒരു ഗുഹയിൽനിന്നു ചാടിവീണു. ഒറ്റനോട്ടത്തിൽ കണ്ടാൽ ഒരു കാട്ടാളനാണെന്നു തോന്നും. കറുത്തിരുണ്ടു വികൃതമായ ഒരു രൂപം. കൈയിൽ ഒരു വലിയ കുന്തം. മുട്ടിനു മുകളിൽ നിൽക്കുന്ന പ്രാകൃതവേഷം. ആ മനുഷ്യരൂപത്തെ കണ്ട് എല്ലാവരും ഞെട്ടി നിലവിളിച്ചു.

"ഞങ്ങളെ ഒന്നും ചെയ്യല്ലേ ഞങ്ങൾ പാവങ്ങളാണേ."

"നിർത്തൂ... ഇനി ആരെങ്കിലും ശബ്ദിച്ചാൽ അവന്റെയൊക്കെ അന്ത്യം ഈ കുന്തമുനയിലായിരിക്കും."

കാട്ടുമനുഷ്യന്റെ അലറിയുള്ള ശബ്ദംകേട്ട് താഴ്വരപോലും ഞെട്ടി. അതു കേട്ടവരുടെ കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ."

എല്ലാവരും ഭയന്നുവിറച്ച് നിശ്ചലരായി ഒരു പ്രതിമകണക്കെ തരിച്ചുനിന്നു.

സർപ്പകാലന്റെ അംഗരക്ഷകനോ കാവൽക്കാരനോ ആയിരിക്കാം ആ കാട്ടാളൻ.

"നിങ്ങൾ ഇവിടുത്തെ ആചാരങ്ങളും അനുഷ്ഠാനങ്ങളും ചവിട്ടിമെതിച്ചു. പാമ്പുകളുടെ ദൈവത്തിനെ അറിഞ്ഞുകൊണ്ട് അധിക്ഷേപിച്ചിരിക്കുന്നു. നിങ്ങൾക്ക് ഒരു കനത്ത ശിക്ഷ ലഭിക്കും."

"അയ്യോ, അരുത്. ഞങ്ങൾ വല്ലാതെ ദുഃഖിതരായാണ് ഇവിടെയെത്തിയിരിക്കുന്നത്. ഞങ്ങളുടെ മഹാരാജാവു തിരുമനസ്സ് സർപ്പദംശനമേറ്റു വിടവാങ്ങി പള്ളിയറയിൽ കിടക്കുകയാണ്. ഒരു കുറ്റൻ സർപ്പം ആ മുറിയ്ക്കുള്ളിലുണ്ട്. പാമ്പുകളുടെ ദൈവമെന്ന് നിങ്ങൾ പറഞ്ഞ ആ വ്യക്തിയെ വിവരം ഉണർത്തണം. അദ്ദേഹം വന്ന് പാമ്പിനെ നിഗ്രഹിച്ച് ആദിത്യപുരം നിവാസികളെ രക്ഷിക്കണം."

"നിങ്ങൾ അദ്ദേഹത്തെ വിളിക്കേണ്ടത് 'പ്രഭോ' എന്നാണ്. അങ്ങനെ വിളിക്കാത്തവരെയെല്ലാം കുരുതി കൊടുത്ത ചരിത്രമാണ് എനിക്കുള്ളത്. രാജദൂതനായതുകൊണ്ടുമാത്രമാണ് കുന്തത്തിൽ കോർക്കാത്തത്."

ആ മനുഷ്യൻ എന്തോ ഓർത്തുനിന്നശേഷം പറഞ്ഞു: "നിങ്ങൾ ഉച്ചത്തിൽ മൂന്നുപ്രാവശ്യം 'പ്രഭോ' എന്ന് അലറിവിളിക്കണം."

അവർ അങ്ങന മൂന്നു തവണ അലറിവിളിച്ചു. അപ്പോൾ അകലെ മലയിടുക്കിലെ ഒരു കൂറ്റൻ ഗുഹയുടെ കല്ലുകൊണ്ടു നിർമിച്ച കനത്ത വാതിൽ തള്ളിത്തുറന്നു മനുഷ്യരൂപം പുറത്തേക്കിറങ്ങി.

ആ മനുഷ്യനെക്കണ്ട് രാജദൂതനും സംഘവും അന്തംവിട്ടു നിന്നു.

(തുടരും)

കവിത 4 എം. എസ്. ചാമക്കാല



# എന്റെ ദൈവം

ആദിതൊട്ടിന്നോളം മാനുഷർ തീർത്തൊരു
പാപക്കുരിശും തൃത്തോളിലേറ്റി
കാൽവരിക്കുന്നിൻ മുകളിലേക്കേറുന്ന
യാഗത്തിൻ കുഞ്ഞാടാണെന്റെ ദൈവം

വൈരികളേല്പിക്കും നിഷ്ഠുരതാഡന-
മേറ്റു തളർന്നു നടന്നിടുമ്പോൾ
മാനസം നൊന്തു കരയും മനസ്വികൾ-
ക്കാശ്വാസം നല്കിയോനെന്റെ ദൈവം

ക്രൂശിൽക്കിടത്തി തൻ കാലിലും കൈയിലും
ആണിയടിച്ചു തറച്ചിടുമ്പോൾ
സ്വർഗത്തിൻ വാതിൽ തുറന്നുവരുന്നതു
കണ്ടു സഹിച്ചവനെന്റെ ദൈവം

"മാനവൻ തന്നോടു ചെയ്തൊരിപ്പാതകം
താതാ പൊറുക്കണേ"യെന്നു ക്രൂശിൽ
വേദനകൊണ്ടു പുളയുന്ന നേരത്തും
പ്രാർഥിച്ചോനാണല്ലോയെന്റെ ദൈവം

ആ വലം തൂങ്ങിയ കള്ളന്റെ പ്രാർഥന-
യ്ക്കുത്തരം നല്കാൻ തിരുമനസ്സായ്
ഇന്നുതാൻ പോയ്ച്ചേരും സ്വർല്ലോകം തന്നെയും
വാഗ്ദാനം ചെയ്തവനെന്റെ ദൈവം

"എൻ പിതാവേ! നിൻ കൈകളിലേല്പിക്കു-
ന്നെൻ ജീവനേറെ കൃതാർഥനായി."
എന്നരുൾ ചെയ്തു, ശിരസ്സു വലം ചാഞ്ഞു
കൺകളടഞ്ഞു, പിരിഞ്ഞു ജീവൻ!

സൂര്യൻ മറഞ്ഞുപോയ് ഭൂമി കുലുങ്ങിപ്പോയ്
പാറകൾ പൊട്ടിപ്പിളർന്നുപോയി
ദേവാലയത്തിരശ്ശീല മേൽകീഴായി
കീറിമുറിഞ്ഞിരുതുണ്ടമായി
കണ്ടവർ കണ്ടവർ താനേ പറഞ്ഞുപോയ്
ദൈവപുത്രനിവൻ ദൈവപുത്രൻ!

അരിമത്യാ ജോസഫിൻ കല്ലറയ്ക്കുള്ളി-
ലത്തിരുമേനിയടക്കം ചെയ്തു
അണ്ഡകടാഹം നിറഞ്ഞുകവിഞ്ഞിടും
ബ്രഹ്മമിക്കല്ലറയുൾക്കൊള്ളുമോ!

അമ്മയും ശിഷ്യനും നാരീജനങ്ങളു-
മവിടെ കരഞ്ഞു പിരിഞ്ഞുപോയി

വെള്ളികടന്നുപോയ്, ശനിയും കൊഴിഞ്ഞുപോയ്
ഞായറുദിച്ചു പുലരുംമുമ്പേ
നാഥനാ കല്ലറവിട്ടുയിർന്നേറ്റല്ലോ
നാന്ദികുറിച്ചു നരന്നു മോക്ഷം!

ആ മോക്ഷപ്രാപ്തിക്കൊരേയൊരുമാർഗം താൻ
ആ മാർഗദീപവും താനാണല്ലോ!
ഈ സത്യം സത്യമായ് ലോകത്തിനേകിയ
സർവേശപുത്രനാണെന്റെ ദൈവം
എന്നുമെൻ മുമ്പിൽത്തെളിഞ്ഞു വിലസിടു-
മാദീപസ്തംഭമാണെന്റെ ദൈവം.

നോവൽ 20

ഇഗ്നേഷ്യസ് കലയന്താനി



# കിഴക്കൻകാറ്റ്

*കഥാസാരം*

ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ പരസ്പരം സ്നേഹിച്ചുകഴിഞ്ഞിരുന്ന അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. 20 വർഷംമുമ്പ് സിസിലിയുടെ കുടുംബം വീടുവിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് തമ്മിൽ കാണുന്നത് സൂസമ്മയുടെ മകൻ ജയേഷിന്റെ വിവാഹത്തിനു ക്ഷണിക്കാൻ സൂസമ്മയും ജയേഷും ഹൈറേഞ്ചിൽ ചെന്നപ്പോഴാണ്. ഭർത്താവിനെ ആന ചവിട്ടിക്കൊന്ന തിനുശേഷം സിസിലിയുടെ ജീവിതം ദുരിതപൂർണമായിരുന്നു. മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിന് നന്നേ ഇഷ്ടമായി. ജയേഷിന്റെ വിവാഹം നടന്നു. ഭാര്യ വർഷ മോഡേൺ ചിന്താഗതിക്കാരിയായിരുന്നതിനാൽ പൊരുത്തപ്പെട്ടുപോകാൻ നന്നേ ബുദ്ധിമുട്ടി ജയേഷ്! എൽസയുടെ കാലിന്റെ മുടന്തു മാറ്റാനുള്ള സർജറിക്ക് പണം കൊടുക്കാമെന്നു ജയേഷ് അറിയിച്ചു. ഇതറിഞ്ഞ വർഷ കോപാകുലയായി, പണം തരില്ലെന്ന് എൽസയെ അറിയിച്ചു. ഇടവകവികാരി ഫാദർ മാത്യു കുരിശിങ്കൽ പണം സംഘടിപ്പിച്ചുകൊടുത്ത്, സർജറി നടത്തി മുടന്തുമാറ്റി. സർജറി നടത്തിയ ഡോക്ടർ മനുവുമായി എൽസ സൗഹൃദത്തിലായി. ഇതിനിടയിൽ വർഷ ഗർഭിണിയായി. ജയേഷ് സന്തോഷിച്ചു. എന്നാൽ, ഭർത്താവറിയാതെ ഗർഭച്ഛിദ്രം നടത്തി വർഷ. ബാത്‌റൂമിൽ വീണ് ഗർഭം അലസി എന്നു ജയേഷിനോടു കള്ളം പറഞ്ഞു. ഒരു രാത്രി പെയ്ത പെരുമഴയിൽ വീടിനു സമീപംനിന്ന പ്ലാവ് കടപുഴകി വീണ് സിസിലി മരിച്ചു. എൽസ ഒറ്റപ്പെട്ടു. ഡോക്ടർ മനു അവൾക്ക് തന്റെ ആശുപത്രിയിൽ ഒരു ജോലി കൊടുത്തു.

(തുടർന്നു വായിക്കുക)

നേരിയ ചാറ്റൽമഴ.

ഡോക്ടർ മനു കാറിന്റെ സ്പീഡ് അല്പം കുറച്ചു. നനഞ്ഞ റോഡിലൂടെ സാവധാനമാണ് ആ കാർ ഓടിക്കൊണ്ടിരുന്നത്. എഫ്.എം. റേഡിയോയിൽ നിന്നൊഴുകിവരുന്ന യേശുദാസിന്റെ ശ്രുതിമധുരമായ ഗാനത്തിനൊത്ത് മനുവും പാടിക്കൊണ്ടിരുന്നു.

മെയിൻറോഡിൽനിന്ന് കാർ വലത്തോട്ടു തിരിഞ്ഞു പോക്കറ്റ് റോഡിലേക്കു പ്രവേശിച്ചു. അരകിലോമീറ്റർ ഓടിയിട്ട് ഇടത്തോട്ടു തിരിഞ്ഞു വീട്ടുമുറ്റത്തേക്കു കയറി.

കാർ വന്ന ശബ്ദം കേട്ടതും മുറിയിൽ വാട്സ് ആപ് നോക്കിക്കൊണ്ടിരുന്ന നിഖില ജനാലയിലൂടെ വെളിയിലേക്കു നോക്കി. മനുവിന്റെ കാറാണെന്നു കണ്ടതും ഫോൺ മേശപ്പുറത്തേക്കു വച്ചിട്ട് അവൾ എണീറ്റ് വെളിയിലേക്കിറങ്ങി വന്നു. മനുവിന്റെ ഇളയസഹോദരിയാണ് നിഖില. ഡിഗ്രി രണ്ടാംവർഷ വിദ്യാർഥിനി.

കാർ പാർക്കു ചെയ്തിട്ട് ഇറങ്ങി സാവധാനം നടന്നു സിറ്റൗട്ടിലേക്കു കയറി മനു. കൈയിലൊരു പൊതിയുമുണ്ടായിരുന്നു. നിഖില വന്നു പൊതി വാങ്ങി തുറന്നുനോക്കി. മധുരപലഹാരങ്ങളായിരുന്നു അതിനകത്ത്.

"താങ്ക്യു ചേട്ടായി."

ഒരു ജിലേബി എടുത്തവൾ കടിച്ചു.

"അമ്മയ്ക്കുംകൂടി ഒള്ളതാ."

പൊതിയുമായി നിഖില അകത്തേക്കു പോകാൻ തിരിഞ്ഞതും അമ്മ തെരേസ സിറ്റൗട്ടിലേക്കു വന്നു. നിഖില പൊതി അമ്മയ്ക്കു കൈമാറി.

"മോനിന്നു നേരത്തേ പോന്നോ?"

"ഇന്നു തിരക്കു കുറവായിരുന്നു അമ്മേ."

"ചേട്ടായി ഒരാളുടെ മുട്ടുചിരട്ട മാറ്റിവച്ച വാർത്തയും പടവും പത്രത്തിലുണ്ടായിരുന്നല്ലോ! ഇവിടിപ്പം ചേട്ടായിക്കു നല്ല പേരായി കേട്ടോ."

"അതൊക്കെ ഒരു ദൈവാനുഗ്രഹം! സർജറിക്കു കേറുന്നതിനുമുമ്പ് ഞാൻ അഞ്ചുമിനിറ്റ് പ്രാർഥിച്ചിട്ടാ കേറുന്നത്. താൻ പാതി ദൈവം പാതി എന്നാണല്ലോ. ങ്ഹാ... അതുപോട്ടെ, നിന്റെ പഠിത്തമൊക്കെ എങ്ങനുണ്ട്? നന്നായിട്ട് പഠിക്കുന്നുണ്ടോ? അതോ റീൽസും കീൽസുമൊക്കെയായിട്ട് നടക്കാണോ?"



"എല്ലാം ഒണ്ട് ചേട്ടായി. ഇതൊന്നും ഇല്ലെങ്കിൽ ഇപ്പം ജീവിതത്തിന് എന്താ ഒരു രസം? എന്റെ ഒരു റീൽ കഴിഞ്ഞ ദിവസം ഇൻസ്റ്റയിൽ വൈറലായിരുന്നു. ചേട്ടായി കണ്ടായിരുന്നോ?"

"പിന്നെ, എനിക്കതിനല്ലേ നേരം." അതുപറഞ്ഞിട്ട് മനു അകത്തേക്കു കയറി, സ്റ്റേർകേസ് കേറി തന്റെ മുറിയിലേക്കു പോയി. വേഷം മാറിയിട്ട് സോപ്പും തോർത്തുമെടുത്തു താഴേക്ക് ഇറങ്ങിവന്നു.

"ഞാനൊന്നു കുളിച്ചിട്ടു വരാം അമ്മേ..."

വെളിയിലേക്കിറങ്ങി നേരേ പറമ്പിന്റെ തെക്കേ അറ്റത്തേക്കു നടന്നു. തെക്കേയറ്റത്തുകൂടി ഒഴുകുന്ന പുഴയിൽ പോയി നന്നായി മുങ്ങിക്കുളിച്ചു. ദേഹം തണുത്തപ്പോൾ മനസ്സിനും ശരീരത്തിനും നല്ല സുഖം തോന്നി. കുളി കഴിഞ്ഞു തല തുവർത്തിയിട്ട് വീട്ടിലേക്കു നടന്നു.

വീട്ടിലെത്തിയപ്പോൾ വിഭവങ്ങളെല്ലാം എടുത്തു മേശയിൽ നിരത്തിയിട്ടുണ്ടായിരുന്നു അമ്മ. തനിയെ ഇരുന്ന് വയറു നിറയെ കഴിച്ചു.

കൈകഴുകിയിട്ട് മുറിയിൽ വന്നിരുന്ന് അമ്മയോടും അനിയത്തിയോടും വിശേഷങ്ങൾ പങ്കുവച്ചു.

സന്ധ്യമയങ്ങിയപ്പോൾ മനുവിന്റെ പപ്പ തോമസുകുട്ടി വന്നു. ടൗണിൽ മലഞ്ചരക്കു വ്യാപാരമാണ് തോമസുകുട്ടിക്ക്.

പപ്പയെ കണ്ടതും മനു ബഹുമാനത്തോടെ എണീറ്റു.

"നീ എപ്പ വന്നു?"

"അഞ്ചുമണി കഴിഞ്ഞു."

"എങ്ങനുണ്ട് ജോലിയൊക്കെ?"

"നന്നായിട്ടുപോകുന്നു പപ്പാ."

തോമസുകുട്ടി വേഷം മാറാനായി മുറിയിലേക്കു പോയി.

രാത്രി മനുവും അമ്മയും സഹോദരിയും ഒരുമിച്ചിരുന്നാണ് അത്താഴം കഴിച്ചത്. ചപ്പാത്തിയും ചിക്കൻകറിയുമായിരുന്നു. മനുവിന്റെ പ്ലേറ്റിലേക്ക് ചിക്കൻകറി വിളമ്പുന്നതിനിടയിൽ തെരേസ പറഞ്ഞു:

"നിന്റെ കല്യാണം ഇങ്ങനങ്ങു നീട്ടിക്കൊണ്ടു പോയാ മതിയോ? എപ്പ ചോദിച്ചാലും ഇപ്പം വേണ്ടാവേണ്ടാന്നു പറഞ്ഞിരുന്നാൽ പിന്നെ എപ്പ നടത്താനാ? മൂക്കിൽ പല്ലു വന്നിട്ടോ?"

"മാട്രിമോണി സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യട്ടേ ചേട്ടായി?" നിഖില ചോദിച്ചു.

"ഇപ്പ വേണ്ട."

"പിന്നെ എപ്പഴാ?" തെരേസ ചോദിച്ചു.

"ഞാൻ പറയാം."

"കുറേ നാളായല്ലോ പറയാം പറയാന്നു പറയുന്നു. നീ ആരെയെങ്കിലും കണ്ടുവച്ചിട്ടുണ്ടോ?"

"കണ്ടു വച്ചിട്ടുണ്ടെങ്കിൽ കെട്ടിച്ചുതരുവോ?"

"കുടുംബത്തിൽ കേറ്റാൻ കൊള്ളാവുന്നതാണേൽ കെട്ടിച്ചു തരും."

"എന്നുവച്ചാൽ?"

"നമ്മുടെ ജാതീം മതോം ആയിരിക്കണം. ദൈവവിശ്വാസി ആയിരിക്കണം. തറവാട്ടുമഹിമ ഉണ്ടായിരിക്കണം. സാമാന്യം സ്വത്ത് ഉണ്ടായിരിക്കണം. കുറഞ്ഞത് ഡിഗ്രിയെങ്കിലും വിദ്യാഭ്യാസം ഉണ്ടായിരിക്കണം. അതിലെല്ലാം ഉപരി നല്ല സ്വഭാവമായിരിക്കണം." നിഖിലയാണ് യോഗ്യതകൾ പറഞ്ഞത്.

"ഈ പറഞ്ഞ യോഗ്യതകളെല്ലാമുള്ള ഒരു പെണ്ണിനെ കിട്ടോ? നിന്റെ കസ്റ്റഡീൽ ഉണ്ടോ ആരെങ്കിലും?" മനു നിഖിലയുടെ നേരേ നോക്കി.

"ഞാൻ അന്വേഷിക്കട്ടേ ചേട്ടായി?"

"വേണ്ട. ഞാൻതന്നെ കണ്ടുപിടിച്ചോളാം."

"നിന്റെ മനസ്സിൽ ആരെങ്കിലും ഉണ്ടെങ്കിൽ പറ. കൊള്ളാവുന്നതാണേൽ നമുക്ക് ആലോചിക്കാം." തെരേസ പറഞ്ഞു.

"എന്റെ ആ ഫോണിങ്ങെടുത്തേ."

നിഖില മേശപ്പുറത്തുനിന്ന് മനുവിന്റെ ഫോണെടുത്തു നീട്ടി. മനു അതു വാങ്ങിയിട്ട് അതിലെ പിക്ചർ ഗാലറി ഓപ്പൺ ചെയ്തു. അതിൽനിന്ന് ഒരു ഫോട്ടോ സ്ക്രീനിലേക്കു കൊണ്ടുവന്നിട്ട് ഫോൺ നിഖിലയുടെ നേരേ നീട്ടിക്കൊണ്ടു പറഞ്ഞു:

"ഈ പെണ്ണ് എങ്ങനുണ്ടെന്നു നോക്കിക്കേ!"

നിഖില ഫോൺ വാങ്ങി നോക്കിയിട്ടു പറഞ്ഞു:

"കൊള്ളാം, സുന്ദരിയാ."

അവൾ ഫോട്ടോ അമ്മയെ കാണിച്ചു.

"കാഴ്ചയ്ക്കു മിടുക്കിയാ. നിന്റെകൂടെ ജോലി ചെയ്യുന്ന വല്ലോരുമാണോ?" തെരേസ ചോദിച്ചു.

"ചെറിയൊരു ജോലിയുണ്ട്. നമ്മുടെ ജാതീം മതവുമാ. നല്ല സ്വഭാവവുമാ. പിന്നെ അമ്മയെപ്പോലെ നല്ല ഭക്തിയുമുള്ള പെണ്ണാ. സാമാന്യം വിദ്യാഭ്യാസവുമുണ്ട്."

"എന്നാ നമുക്കാലോചിക്കാം. അടുത്ത ദിവസം ഞങ്ങൾ അവളുടെ വീട്ടിൽപോയി അവളുടെ അപ്പനേം അമ്മേം കണ്ടു സംസാരിക്കാം."

"അവിടെയാണു പ്രശ്നം!"

അവൾക്ക് അപ്പനും അമ്മയുമില്ല. രണ്ടുപേരും ഒരപകടത്തിൽ മരിച്ചുപോയി."

"അപ്പനും അമ്മയും ഇല്ലാത്ത ഒരു പെണ്ണിനെ നമുക്കു വേണോടാ?"

"അവൾക്കൊരു ജീവിതം കൊടുത്താൽ അതൊരു പുണ്യമല്ലേ അമ്മേ? ദൈവം നമ്മളെ ഒരുപാട് അനുഗ്രഹിക്കും. നല്ല സ്വഭാവമുള്ള കുട്ടിയാ. അതെനിക്കു നന്നായിട്ടറിയാം."

"എന്താ അവളുടെ പേര്?"

"എൽസ."

"നിനക്കെങ്ങനെയാ അവളെ പരിചയം?"

മനു ആ കഥ മുഴുവൻ അമ്മയോടു പറഞ്ഞു.

"ഒന്നോ രണ്ടോ ദിവസംകൊണ്ട് ഒരു പെണ്ണിന്റെ സ്വഭാവം മനസ്സിലാക്കാൻ പറ്റോടാ?"

"പറ്റില്ല. പക്ഷേ, മൂന്നുവർഷംകൊണ്ടു പറ്റില്ലേ? അവളുടെ ഇടവകപ്പള്ളീൽ ഇരുന്ന വികാരിയച്ചനെ ഞാൻ കഴിഞ്ഞയാഴ്ച കണ്ടിരുന്നു. അച്ചനിപ്പം പൂച്ചപ്പാറ പള്ളീലാ. അവിടെ ഞങ്ങൾക്കൊരു മെഡിക്കൽ ക്യാമ്പുണ്ടായിരുന്നു. അന്നു പരിചയപ്പെട്ടതാ. സംസാരിച്ച കൂട്ടത്തിൽ എൽസയുടെ കാര്യം പറഞ്ഞു. ഇത്രയും നല്ലൊരു കൊച്ചിനെ അച്ചന്റെ വൈദികജീവിതത്തിൽ ഇന്നോളം കണ്ടിട്ടില്ലെന്നാണ് അച്ചൻ പറഞ്ഞത്. അമ്മയ്ക്കു വിശ്വാസമായില്ലെങ്കിൽ ഞാൻ അച്ചന്റെ നമ്പർ തരാം; അമ്മ നേരിട്ടു വിളിച്ചു ചോദിക്ക്!"

"എന്നാ ഇങ്ങു താ. ഇപ്പത്തന്നെ വിളിക്കാം."

മനു ഫോൺ നോക്കിയിട്ട് അച്ചന്റെ നമ്പർ പറഞ്ഞുകൊടുത്തു.

"എന്നതാടാ അച്ചന്റെ പേര്?"

"ഫാദർ മാത്യു കുരിശിങ്കൽ."

തെരേസ അച്ചന്റെ നമ്പർ ഡയൽ ചെയ്തു. അച്ചനെ ലൈനിൽ കിട്ടി.

"ഹലോ..." അങ്ങേത്തലയ്ക്കൽ ശബ്ദം.

"കുരിശിങ്കലച്ചനല്ലേ?"

"അതേ."

"ഞാൻ ഡോക്ടർ മനു തോമസിന്റെ അമ്മയാ. കഴിഞ്ഞയാഴ്ച അവിടെ മെഡിക്കൽ ക്യാമ്പിന് വന്നിരുന്ന ഡോക്ടർ..."

"ഓ... ഓർമയുണ്ട് ഓർമയുണ്ട്. എന്തായിരുന്നു?"

"അച്ചൻ മുമ്പ് കുറുക്കൻകുന്നു പള്ളീലല്ലായിരുന്നോ?"

"അതേ."

"അവിടെ എൽസ എന്നു പേരുള്ള ഒരു പെൺകുട്ടിയെ അറിയാമോ?"

"അറിയാം. എന്തേ?"

"അവളെപ്പറ്റി ഒന്നറിയാനാ. എൽസയെ കല്യാണം കഴിച്ചാൽ കൊള്ളാമെന്ന് മോൻ ഒരാഗ്രഹം പറഞ്ഞു. അവനാ അച്ചന്റെ നമ്പർ തന്നത്. അച്ചൻ ഈ ഇടവകേൽ ഇരുന്നതായതുകൊണ്ട് അവളെപ്പറ്റി അറിയാമല്ലോ!"

*ശേഷം 12-ാം പേജിൽ*




പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ ആരംഭിച്ച സമ്പൂർണ സ്ട്രോക്ക് ചികിത്സാകേന്ദ്രത്തിന്റെ ഉദ്ഘാടനം വൈദ്യുതിമന്ത്രി കെ. കൃഷ്ണൻകുട്ടി നിർവഹിക്കുന്നു. പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, മാണി സി. കാപ്പൻ എം.എൽ.എ., ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ജോസഫ് കണിയോടിക്കൽ, ഡയറക്ടർമാരായ ഫാ. ജോസ് കീരഞ്ചിറ, ഫാ. ഡോ. ഇമ്മാനുവൽ പാറേക്കാട്ട്, ഫാ. ഡോ. ജോസഫ് കരികുളം, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, ഡോ. അരുൺ ജോർജ് തറയാനിൽ, ഡോ. എം.കെ. സരീഷ് കുമാർ തുടങ്ങിയവർ സമീപം.

# റബർ വിലയിടിവിനെതിരേ
## കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽസമിതി



റബർ വിലയിടിവിനെതിരേ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ ആഭിമുഖ്യത്തിൽ കോട്ടയത്തു നടത്തിയ പ്രതിഷേധസമരം 'റബർ കർഷക കണ്ണീർജ്വാല' പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു.

കോട്ടയം: റബർ വിലയിടിവിൽ സർക്കാർ - കോർപ്പറേറ്റ് - റബർ ബോർഡ് ഒത്തുകളിക്കെതിരേ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ ആഭിമുഖ്യത്തിൽ കേരളപ്പിറവി ദിനത്തിൽ കോട്ടയത്ത് 'റബർ കർഷക കണ്ണീർജ്വാല' എന്ന പേരിൽ പ്രതിഷേധസമരം സംഘടിപ്പിച്ചു. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു.

ഇറക്കുമതിമാനദണ്ഡങ്ങൾ പുതുക്കാൻ കേന്ദ്രസർക്കാർ തയ്യാറാകണമെന്നും റബറിനെ കാർഷികവിളയായി പ്രഖ്യാപിക്കാൻ അടിയന്തരനടപടികൾ സ്വീകരിക്കണമെന്നും രാജീവ് കൊച്ചുപറമ്പിൽ പറഞ്ഞു.

റബറിന് 250 രൂപ പ്രകടന പത്രികയിൽ ഉറപ്പുനല്കി അധികാരത്തിലേറിയ സംസ്ഥാന സർക്കാർ വാഗ്ദാനം പാലിക്കണമെന്നും, ബജറ്റിൽ വകയിരുത്തിയ തുക നല്കി റബറിനു താങ്ങുവില പ്രഖ്യാപിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കോട്ടയം കളക്ടറേറ്റ് പടിക്കൽനിന്നാരംഭിച്ച പ്രതിഷേധറാലി ലൂർദ് ഫൊറോന വികാരി ഫാ. ഡോ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ ഫ്ളാഗ് ഓഫ് ചെയ്തു. തുടർന്ന്, റബർ ബോർഡ് പടിക്കൽ എത്തിച്ചേർന്ന് 'പ്രതിഷേധജ്വാല' തെളിയിച്ചു.

കത്തോലിക്കാ കോൺഗ്രസ് ഡയറക്ടർ ഫാ. ഡോ. ഫിലിപ്പ് കവിയിൽ, ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ഒഴുകയിൽ, ഡോ. കെ. എം. ഫ്രാൻസിസ്, രാജേഷ് ജോൺ, രൂപത ഡയറക്ടർമാരായ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫാ. ഡോ. മാത്യു പാലക്കുടി തുടങ്ങിയവർ സമരത്തിനു നേതൃത്വം നല്കി.

# ക്രൈസ്തവ മഹാസമ്മേളനവും ദേശീയസിമ്പോസിയവും
## നവംബർ 17 ഞായറാഴ്ച രാമപുരത്ത്

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയും ദളിത് കത്തോലിക്കാ മഹാജനസഭയുടെ (ഡി.സി.എം.എസ്.) സപ്തതിയും പ്രമാണിച്ച് നവംബർ 17 ഞായറാഴ്ച രാമപുരത്ത് ദേശീയ സിമ്പോസിയവും ക്രൈസ്തവമഹാസമ്മേളനവും സംഘടിപ്പിക്കുന്നു.

രാവിലെ ഒമ്പതിന് രാമപുരം സെന്റ് അഗസ്റ്റിൻസ് പാരീഷ്ഹാളിൽ നടക്കുന്ന ദേശീയ സിമ്പോസിയം കെ.സി.ബി.സി. എസ്.സി, എസ്.ടി, ബി.സി. കമ്മീഷൻ ചെയർമാൻ ബിഷപ് ഗീവർഗീസ് മാർ അപ്രേം ഉദ്ഘാടനം ചെയ്യും. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിക്കും.

'ദളിത് ക്രൈസ്തവരുടെ നിജസ്ഥിതിയും ശക്തീകരണവഴികളും', 'ദളിത് ക്രൈസ്തവവിമോചനത്തിന്റെ സമഗ്രത സഭയിൽ', 'വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ - ദളിത്ക്രൈസ്തവരുടെ മാർഗദർശി' എന്നീ വിഷയങ്ങളിൽ യഥാക്രമം ഡോ. സിജോ ജേക്കബ്, റവ. ഡോ. ജോർജ് വറുഗീസ് ഞാറക്കുന്നേൽ, ബിനോയി ജോൺ എന്നിവർ പ്രബന്ധങ്ങളവതരിപ്പിക്കും. വൈസ് പോസ്റ്റുലേറ്റർ ഫാ. തോമസ് വെട്ടുകാട്ടിൽ മോഡറേറ്ററായിരിക്കും.

ഉച്ചകഴിഞ്ഞു രണ്ടുമണിക്ക് വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ നഗറിൽ നടക്കുന്ന ക്രൈസ്തവമഹാസമ്മേളനം ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്താ മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്യും. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിക്കും. കേന്ദ്രന്യൂനപക്ഷക്ഷേമ, ഫിഷറീസ് വകുപ്പുമന്ത്രി ജോർജ് കുര്യൻ മുഖ്യാതിഥിയായി പങ്കെടുക്കും. ബിഷപ് ഗീവർഗീസ് മാർ അപ്രേം അനുഗ്രഹപ്രഭാഷണം നിർവഹിക്കുന്നതും കേരള ജലവിഭവവകുപ്പുമന്ത്രി റോഷി അഗസ്റ്റിൻ ജൂബിലിസന്ദേശം നല്കുന്നതുമാണ്. ഡി.സി.എം.എസ്. പാലാ രൂപത പ്രസിഡന്റ് ബിനോയി ജോൺ മുഖ്യപ്രഭാഷണം നടത്തും.

സമ്മേളനത്തിന് സാമുദായിക - സഭാത്മക - ദേശീയ - അന്തർദേശീയ മാനങ്ങൾ ഉണ്ടെന്ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. സമ്മേളനത്തിന്റെ സ്വാഗതസംഘത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മാർത്തോമ്മാനസ്രാണി സമുദായത്തിന്റെ പാരമ്പര്യം, ഭാഷയുടെയും സാഹിത്യത്തിന്റെയും മേഖലകളിൽ പാലാ രൂപതയിലെ സാഹിത്യകാരന്മാർ ചെയ്ത സംഭാവനകൾ, സഭയെ വളർത്തിയ ആത്മീയനേതാക്കന്മാരുടെ പാരമ്പര്യാധിഷ്ഠിതജീവിതം, സീറോ മലബാർ സഭ ആഗോളതലത്തിൽ നടത്തുന്ന നേഷൻ ബിൽഡിംഗ് തുടങ്ങിയ കാര്യങ്ങൾ പ്ലാറ്റിനം ജൂബിലി വർഷത്തിൽ പഠന വിഷയങ്ങളാകണമെന്നു ബിഷപ് പറഞ്ഞു. സഭയുടെ ചരിത്രത്തിൽ രാമപുരം കേന്ദ്രമാക്കി വലിയൊരു മുന്നേറ്റം സൃഷ്ടിക്കാൻ ക്രൈസ്തവമഹാസമ്മേളനത്തിനു സാധ്യമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പാലാ രൂപത സിഞ്ചെല്ലൂസ് മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. ബർക്കുമാൻസ് കുന്നുംപുറം, ഫാ. ജോസ് വടക്കേക്കുറ്റ്, ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഡി.സി.എം. എസ്. സംഘടനാഭാരവാഹികൾ തുടങ്ങിയവർ പ്രസംഗിച്ചു.

ദളിത് കത്തോലിക്കാ കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനോടൊപ്പം അവരെ വിദ്യാഭ്യാസപരമായും ആത്മീയമായും ഉയർത്തുകയും സാമൂഹികസാമ്പത്തികരാഷ്ട്രീയമേഖലകളിൽ കരുത്തുറ്റവരാക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണു വിവിധ പരിപാടികൾ വിഭാവനം ചെയ്തിരിക്കുന്നത്.

# ഫാ. ഏബ്രഹാം ഈറ്റയ്ക്കക്കുന്നേലിന്റെ അമ്പതാം ചരമവാർഷികം ആചരിച്ചു

ഫാ. ഏബ്രഹാം ഈറ്റയ്ക്കക്കുന്നേലിന്റെ അമ്പതാം ചരമവാർഷികം നവംബർ രണ്ടാം തീയതി ഭരണങ്ങാനത്ത് ആചരിച്ചു. രാവിലെ പത്തുമണിക്ക് മുൻ മേജർ ആർച്ചുബിഷപ് കർദിനാൾ



ഫാ. ഏബ്രഹാം ഈറ്റയ്ക്കക്കുന്നേൽ

മാർ ജോർജ് ആലഞ്ചേരിയുടെ മുഖ്യകാർമികത്വത്തിൽ കബറിടത്തിങ്കൽ അന്നീദാ ഒപ്പീസ് നടത്തുകയും തുടർന്ന് സെന്റ് മേരീസ് ഫൊറോനപ്പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

തുടർന്നുനടന്ന അനുസ്മരണസമ്മേളനം കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. കേരളസഭ ആഗോളസഭയ്ക്കു നല്കിയ പൊന്മുത്താണ് ഫാ. ഏബ്രഹാം ഈറ്റയ്ക്കക്കുന്നേലെന്ന് അദ്ദേഹം പറഞ്ഞു. ചെറുപുഷ്പമിഷൻലീഗിന്റെ ആദ്യകാലനേതാക്കളിലൊരാളായിരുന്ന ഏബ്രഹാമച്ചൻ എംഎസ്ടി - ഡിഎസ്ടി സഭകളുടെ രൂപീകരണത്തിൽ വഹിച്ച പങ്ക് നിസ്തുലമാണെന്നും കർദിനാൾ പറഞ്ഞു.

ടി.ജെ. ജോസഫ് തോട്ടക്കര രചിച്ച ഈറ്റയ്ക്കക്കുന്നേലച്ചന്റെ ജീവചരിത്രം കർദിനാൾ പ്രകാശനം ചെയ്തു. അടിയുറച്ച പ്രാർഥനയും വിശ്വാസവും കൈമുതലായി ലോകത്തിനു മാർഗദീപമേകിയ പുണ്യാത്മാവായിരുന്നു ഫാ. ഏബ്രഹാം



ഫാ. ഏബ്രഹാം ഈറ്റയ്ക്കക്കുന്നേലിന്റെ അമ്പതാം ചരമവാർഷിക അനുസ്മരണസമ്മേളനം കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു. മാർ ജോസഫ് കല്ലറങ്ങാട്ട്, ഗവൺമെന്റ് ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ, ഡോ. നോയൽ മാത്യൂസ്, പ്രമോദ് ഈറ്റയ്ക്കക്കുന്നേൽ, പ്രഫ. ലോപ്പസ് മാത്യു, ജോസ് മാത്യു, ഫാ. അനീഷ് ഈറ്റയ്ക്കക്കുന്നേൽ, ജേക്കബ് നോയൽ, അലീസ ആൻ ഫിലിപ്പ് എന്നിവർ സമീപം.

ഈറ്റയ്ക്കക്കുന്നേലെന്ന് മുഖ്യപ്രഭാഷണം നടത്തിയ മാർ ജോസഫ് കല്ലറങ്ങാട്ട് അഭിപ്രായപ്പെട്ടു.

ഫാ. ഏബ്രഹാം ഈറ്റയ്ക്കക്കുന്നേൽ ചാരിറ്റബിൾ എജ്യുക്കേഷൻ ട്രസ്റ്റിന്റെ ഉദ്ഘാടനം ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് നിർവഹിച്ചു. കുടുംബയോഗം പ്രസിഡന്റ് പ്രമോദ് ഈറ്റയ്ക്കക്കുന്നേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. സിറിൾ തയ്യിൽ, ഫാ. അനീഷ് ഈറ്റയ്ക്കക്കുന്നേൽ, ജോസ് കെ. മാണി എം.പി, സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ., ഫാ. ജോസുകുട്ടി പടിഞ്ഞാറേപ്പീടികയിൽ, ഫാ. വിൻസെന്റ് കദളിക്കാട്ടിൽ പുത്തൻപുര, പ്രഫ. ലോപ്പസ് മാത്യു, ജോസ് മാത്യു, ഡോ. നോയൽ മാത്യൂസ്, തോമസ് നീലിയറ, ജോർജ് സെബാസ്റ്റ്യൻ, ജോയിസൺ ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു.




**നവംബർ 17**
**പള്ളിക്കൂദാശക്കാലം**
**മൂന്നാം ഞായർ**

**ഉത്പ 29:15 – 30**
**പ്രഭാ 11:20 – 27**
**2 തെസ 3:6 – 15**
**മത്താ 25:14 – 30**

# താലന്തുകൾ വർധിപ്പിക്കുക





**ഫാ. ഡോ. തോമസ് വടക്കേൽ**

**നി**ന്റെ അധ്വാനഫലം നീ അനുഭവിക്കും; നീ സന്തുഷ്ടനായിരിക്കും; നിനക്കു നന്മ വരും (സങ്കീ. 128:2). അധ്വാനിക്കുന്നവനു സുഖനിദ്ര ലഭിക്കുന്നു (സഭാ. 5:12). സ്വാശ്രയശീലനും അധ്വാനപ്രിയനും ജീവിതം മധുരമാണ് (പ്രഭാ. 40:18). നന്നായി അധ്വാനിക്കുന്നതും ഉത്തരവാദിത്വബോധത്തോടെ ജോലി ചെയ്യുന്നതും വിശുദ്ധഗ്രന്ഥഭാഷ്യത്തിൽ ശ്രേഷ്ഠമായ കാര്യമാണ്. പള്ളിക്കൂദാശ മൂന്നാം ഞായറിലെ വായനകളെല്ലാം കർത്തവ്യനിർവഹണത്തെക്കുറിച്ചാണു പൊതുവായി പങ്കുവയ്ക്കുന്നത്. ഏല്പിക്കപ്പെട്ട ജോലികൾ നന്നായി ചെയ്യേണ്ടതിനെക്കുറിച്ചാണിവ ഉദ്ബോധിപ്പിക്കുന്നത്.

ഒന്നാം വായനയിൽ (ഉത്പ. 29:15–30) റാഹേലിനുവേണ്ടി ലാബാന്റെ കീഴിൽ ജോലി ചെയ്യുന്ന യാക്കോബിനെക്കുറിച്ചും; രണ്ടാം വായനയിൽ (പ്രഭാ. 11:20–27) ഒരാൾ തന്റെ കർത്തവ്യങ്ങൾ നിഷ്ഠയോടെ അനുഷ്ഠിക്കേണ്ടതിനെക്കുറിച്ചും; മൂന്നാം വായനയിൽ (2 തെസ. 3:6–15) അലസത കൂടാതെ ജോലി ചെയ്യേണ്ടതിനെക്കുറിച്ചും; നാലാം വായനയിൽ (മത്താ. 25:14–30) ഭരമേല്പിച്ച താലന്ത് അധ്വാനിച്ചു വർധിപ്പിക്കേണ്ടതിനെക്കുറിച്ചും നാം ശ്രവിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നു. ചുമതലാബോധത്തോടെയുള്ള 'അധ്വാനം', അതാണ് വായനകളുടെ മുഖ്യപ്രമേയം.

**ഉത്പത്തി 29:15–30:** പരദേശിയായി യാത്ര ചെയ്യുന്ന യാക്കോബ്, ബെഥേലിലെ തന്റെ ദൈവദർശനത്തിനുശേഷം എത്തിച്ചേരുന്നത് കിഴക്കുള്ളവരുടെ ദേശത്താണ് (29:1). 'people of the east' എന്ന പൊതുവിശേഷണം കാനാനു കിഴക്കുള്ള 'അരമായരുടെ ദേശം' എന്നാണ് അർഥമാക്കുന്നത്. യാത്രയ്ക്കിടയിൽ ആ ദേശത്തെ കിണറ്റിൻകരയിൽവച്ചു കണ്ടുമുട്ടിയ റാഹേലിന്റെ പിതാവായ ലാബാൻ യാക്കോബിനെ തന്റെ കുടുംബാംഗമായി സ്വീകരിക്കുന്നത് അവൻ 'തന്റെ അസ്ഥിയുടെ അസ്ഥിയും മാംസത്തിന്റെ മാംസവുമാണ്' എന്നു (29:14) പറഞ്ഞാണ്. ആ ലാബാനുവേണ്ടിയാണ് യാക്കോബ് കഠിനാധ്വാനം ചെയ്യുന്നത്.

യാക്കോബ് തന്റെ ബന്ധുവാണെങ്കിലും അവൻ ചെയ്യുന്ന ജോലിക്കു പ്രതിഫലം നൽകാൻ ലാബാൻ മനസ്സു കാണിക്കുന്നുണ്ട്. അതിന്റെ പിന്നിലുള്ള ഉദ്ദേശ്യം നല്ലതല്ലെങ്കിലും ലാബാൻ പ്രതിഫലം നൽകാമെന്നു പറയുന്നുണ്ട്. "വെറുതെ പണിയെടുക്കേണ്ടതില്ല" (serving for nothing) എന്നതിൽനിന്ന് 'പ്രതിഫലത്തിനായി പണിയെടുക്കുക' (serving for reward) എന്ന ലാബാന്റെ ചിന്ത യാക്കോബിനെ വെറും ഒരു പണിക്കാരനാക്കി മാറ്റുന്നുണ്ട്. ബന്ധുവിന്റെ സ്ഥാനം മാറി അവൻ ഒരു വേലക്കാരനായി പരിഗണിക്കപ്പെട്ടു. എങ്കിലും, യാക്കോബ് വിശ്വസ്തതയോടെ തന്നെ ഏല്പിച്ച ജോലി ചെയ്യാൻ മനസ്സു കാണിക്കുന്നുണ്ട്.

ലാബാന്റെ കീഴിൽ അവന്റെ മകൾ റാഹേലിനെ സ്വന്തമാക്കാൻവേണ്ടി താൻ ഏഴുവർഷം ജോലി ചെയ്യാം എന്നാണ് യാക്കോബ് അഭിപ്രായപ്പെട്ടത് (29:18). വധുവിന്റെ പിതാവിനു വരൻ നൽകേണ്ട തുകയ്ക്കു പകരമാണ് ഏഴു വർഷത്തെ ഈ അധ്വാനം. ഹീബ്രുഭാഷയിലെ 'അബദ്' (abad) എന്ന ക്രിയാപദത്തിന്റെ അർഥം 'serve' എന്നാണ്. അനുസരണവും വിധേയത്വവുമുള്ള ഒരു ദാസ്യശുശ്രൂഷകനായി അധ്വാനിച്ചുകൊള്ളാമെന്നാണ് യാക്കോബ് വാഗ്ദാനം ചെയ്യുന്നത്. ജോലി ചെയ്യാനുള്ള യാക്കോബിന്റെ മനസ്സ് ഇതു വ്യക്തമാക്കുന്നു.

തന്റെ ജോലിയുടെ കാലാവധി കഴിഞ്ഞപ്പോൾ പ്രതിഫലം ചോദിച്ച യാക്കോബിനെ ലാബാൻ വഞ്ചിക്കുന്നുണ്ട്. ലാബാൻ റാഹേലിനു പകരം ലെയാ എന്ന മകളെ യാക്കോബിന് വിവാഹം ചെയ്തുകൊടുത്തു. ഉദ്ദേശ്യശുദ്ധി അത്ര നല്ലതല്ലാത്ത ലാബാൻ വീണ്ടും ഏഴുവർഷം കൂടി തന്റെ കീഴിൽ ജോലി ചെയ്യാൻ യാക്കോബിനെ നിർബന്ധിച്ചു. റാഹേൽ എന്ന 'പ്രതിഫലം' കിട്ടാൻ യാക്കോബ് വീണ്ടും അധ്വാനിച്ചു. ഏകാകിയും പരദേശിയുമായ യാക്കോബിന് തന്റെ അവകാശങ്ങൾ സംരക്ഷിക്കാൻ മാർഗങ്ങളൊന്നും ഇല്ലായിരുന്നു. എങ്കിലും യാക്കോബ് പതറിയില്ല. അവൻ നന്നായി അധ്വാനിച്ചു. ആ അധ്വാനം അവനു പ്രതിഫലമായ 'റാഹേലിനെ' സ്വന്തമാക്കാൻ അവനെ സഹായിച്ചു.

**പ്രഭാഷകൻ 11:20–27:** സുഭാഷിതങ്ങളുടെ ശൈലിയിലുള്ള ചെറിയ സൂക്തങ്ങൾ നിറഞ്ഞ ജ്ഞാനഗ്രന്ഥമാണ് പ്രഭാഷകൻ. ധാർമികമൂല്യങ്ങൾക്ക് ഏറെ വില കല്പിക്കുന്ന ഒരു ഗ്രന്ഥമാണിത്. നിയമജ്ഞനായിരുന്ന പ്രഭാഷകൻ നിയമവും പ്രവാചകന്മാരും ഇതരഗ്രന്ഥങ്ങളും നന്നായി പഠിച്ചതിന്റെ വെളിച്ചത്തിൽ തനിക്കു ലഭിച്ച ജ്ഞാനം മറ്റുള്ളവർക്കു പകർന്നുനൽകുകയാണ് ഈ പുസ്തകത്തിൽ.

'നിന്റെ കർത്തവ്യങ്ങൾ നിഷ്ഠയോടെ അനുഷ്ഠിക്കുക' എന്ന ഉപദേശമാണ് പ്രഭാഷകൻ ഒന്നാമതായി നൽകുന്നത് (11:20 a). Stand by your covenant' എന്ന പ്രയോഗം ശ്രദ്ധേയമാണ്. ഉടമ്പടി (covenant) എന്നർഥം വരുന്ന 'ദിയാതെകെ' (diatheke) എന്ന പദം രണ്ടുപേർ തമ്മിലുള്ള ഒരു കരാറിനെയാണ് (agreement) സൂചിപ്പിക്കുന്നത്. പരസ്പരം സമ്മതിക്കുന്ന ഉടമ്പടികൾ പാലിക്കുക എന്നതു മാന്യതയാണ്. അതു നിഷ്ഠയോടെ അനുഷ്ഠിക്കണം; അസാധുവാക്കാൻ പാടില്ല. 'സ്തെത്തി' (stethi) എന്ന ആജ്ഞാസ്വഭാവമുള്ള (imperative) പദത്തിന്റെ അർഥം 'bring into force, confirm, make it valid' എന്നൊക്കെയാണ്.

വാർധക്യംവരെ ജോലി ചെയ്യണമെന്നും (11:20b), കർത്താവിൽ ശരണംവച്ചു ജോലി ചെയ്യണമെന്നും പ്രഭാഷകൻ ആഹ്വാനം ചെയ്യുന്നുണ്ട്. ആരോഗ്യം അനുവദിക്കുന്നതുവരെ ഒരാൾ അധ്വാനിക്കണമെന്നതാണ് 'വാർധക്യം' (become old) എന്നർഥം വരുന്ന 'പാലെയ്ഓ' (palaioo) എന്ന പദം സൂചിപ്പിക്കുന്നത്. ജോലി ചെയ്യുന്നവർക്ക് 'ദൈവവിചാരം' ഉണ്ടാകണമെന്നതാണ് trust in the LORD' എന്ന പ്രയോഗം അർഥമാക്കുന്നത്. ജോലിക്ക് അമിതപ്രാധാന്യം കൊടുക്കുന്നവർ ദൈവത്തെ നഷ്ടപ്പെടുത്തിക്കളയാൻ സാധ്യതയുണ്ടെന്ന ചിന്തയിൽനിന്നാവാം ഈ ദർശനം രൂപപ്പെട്ടിരിക്കുന്നത്.

**2 തെസലോനിക്ക 3:6–15:** പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളിലെല്ലാം പൊതുവായി രണ്ടു ഭാഗങ്ങളുണ്ട്: (1) ദൈവരാജ്യം (2) ധാർമികദർശനം. ഇന്നത്തെ വായന 'ethical' (സന്മാർഗപരമായ) ആയ കാര്യങ്ങളെക്കുറിച്ചുള്ള നിർദേശങ്ങളാണ്. അധ്വാനത്തിന്റെ മഹത്ത്വത്തെയും പ്രാധാന്യത്തെയുംകുറിച്ച് അതിമനോഹരമായി അവതരിപ്പിക്കുന്ന ഒരു വിശുദ്ധഗ്രന്ഥഭാഗമാണിത്.

തന്റെ തെസലോനിക്കാ യാത്രയിൽ (എ.ഡി.50–52) താൻ എപ്രകാരമാണ് അധ്വാനിച്ചതെന്നു പങ്കുവച്ചുകൊണ്ടാണ് പൗലോസ് അലസതയിൽനിന്നു മാറിനില്ക്കാൻ എല്ലാവരെയും ആഹ്വാനം ചെയ്യുന്നത്. 'അലസത'യിൽ വ്യാപരിക്കുന്നവരിൽനിന്ന് ഒഴിഞ്ഞുമാറിനിൽക്കണം. ഗ്രീക്കുഭാഷയിലെ 'അത്താക്തോസ്' (ataktos) എന്ന പദത്തിന്റെ അർഥം 'undisciplined, disorderly, lazily' എന്നൊക്കെയാണ്. അച്ചടക്കമില്ലാതെ, ക്രമരാഹിത്യത്തിൽ മടിയനായി നടക്കുന്നവരെയാണ് ഈ വാക്കുകൊണ്ടു വിവക്ഷിക്കുന്നത്.

പാരമ്പര്യത്തിനിണങ്ങാത്ത രീതിയിൽ ജീവിക്കുന്നവർ ചെയ്യുന്നതും ശരിയായ കാര്യങ്ങളല്ല. 'പരദോസിസ്' (paradosis) എന്ന ഗ്രീക്കുപദം 'പാരമ്പര്യ'ത്തെ (tradition) കുറിക്കുന്നതാണ്. പൗലോസ് പഠിപ്പിച്ച വിശ്വാസസത്യങ്ങളെ (സത്യപ്രബോധനങ്ങളെ) ആണ് ഇത് ഉദ്ദേശിക്കുന്നത്. ഒപ്പം, പൗലോസിന്റെ ജീവിതമാതൃകയെയും ഇതു ചൂണ്ടിക്കാണിക്കുന്നു. പൗലോസ് കൈമാറിയ അധ്വാനത്തിന്റെ 'ജീവിതപാരമ്പര്യം.'

'അധ്വാനിച്ചു ഭക്ഷിക്കുക' (ഉത്പ. 3:19) എന്നത് ദൈവികകല്പനയായതിനാൽ അധ്വാനിക്കാതെ ഭക്ഷിക്കുന്നവൻ സഹോദരന്റെ അപ്പം മോഷ്ടിക്കുന്നവനാണെന്നതാണ് യഹൂദചിന്ത. ആർക്കും ഭാരമാകാതിരിക്കാൻ വേണ്ടി 'കഠിനമായി' അധ്വാനിച്ച വ്യക്തിയാണ് പൗലോസ്. കോപോസ് (kopos), മോഖ്തോസ് (mochtos) എന്ന രണ്ടു പദങ്ങൾ ശ്ലീഹാ ഉപയോഗിക്കുന്നുണ്ട്. അവയുടെ അർഥം യഥാക്രമം 'labour' എന്നും 'toil' എന്നുമാണ്. അലസമായ അധ്വാനമല്ല തന്റേത്; മറിച്ച്, കഷ്ടപ്പെട്ടും ക്ലേശിച്ചും നിർവഹിച്ച ജോലിയായിരുന്നു അത്. പൗലോസിന്റെ അധ്വാനം ഈശോയ്ക്കുവേണ്ടിയുള്ള സഹനത്തിന്റെ ജോലിയായിരുന്നു. പ്രതിസന്ധികളിലും തളരാത്ത ജോലി.

**മത്തായി 25:14–30:** നിതാന്ത ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു പഠിപ്പിക്കുന്ന മൂന്ന് ഉപമകളാണ് 'വിശ്വസ്തനും അവിശ്വസ്തനുമായ സേവകൻ' (മത്താ. 24:45–51), 'പത്തു കന്യകകളുടെ ഉപമ' (25:1–13), 'താലന്തുകളുടെ ഉപമ' (25:14–30). കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തിന്റെ (parousia) കാലവിളംബം വിശദീകരിക്കുന്ന മൂന്നാമത്തെ ഉപമയാണ് ഇന്നു നാം ശ്രവിക്കുന്നത്.

പ്രതീകാത്മകത നിറഞ്ഞ ഉപമയാണിത്. ഉപമയിലെ യജമാനൻ ഈശോയാണ്. അവിടുത്തെ സേവകർ പല വിധത്തിലുള്ള ഉത്തരവാദിത്വങ്ങൾ ലഭിച്ച സഭയിലെ അംഗങ്ങളാണ്. യജമാനനായ ഈശോയുടെ യാത്ര ഈ ഭൂമിയിൽനിന്ന് അവിടുന്ന് ഉന്നതങ്ങളിലേക്കു കരേറുന്നതിനെ കുറിക്കുന്നു. യജമാനൻ തിരിച്ചുവരാൻ വൈകുന്ന കാലമെന്നത് സഭയുടെ കാലമാണ്. കിട്ടിയ താലന്തുകൾ വർധിപ്പിച്ചവർ ക്രിസ്തീയവഴിയിലൂടെ ചരിച്ചവരാണ്. കിട്ടിയ താലന്ത് ഒളിച്ചുവയ്ക്കുകയും അലസനായിരിക്കുകയും ചെയ്തവൻ ഈശോയെ തിരസ്കരിച്ചവരുടെ, അതുവഴി ശിക്ഷ ഏറ്റുവാങ്ങിയവരുടെ പ്രതിനിധിയാണ്.

'താലന്തുകൾ സേവകന്മാരെ ഏല്പിച്ചു' (entrusted the property). ഗ്രീക്കുഭാഷയിലെ 'പാരദിദോമി' (paradidomi) എന്ന പദത്തിന്റെ അർഥം 'ഭരമേല്പിക്കുക' (entrust) എന്നാണ്. സേവകൻ ഉത്തരവാദിത്വത്തോടെ കാര്യങ്ങൾ നിർവഹിക്കുമെന്ന ഉറപ്പോടെ യജമാനൻ നൽകുന്ന ആധികാരികമായ ചുമതലപ്പെടുത്തലാണിത്. ഏല്പിക്കുന്നയാളെ വിശ്വാസത്തിലെടുത്തുകൊണ്ടു നടത്തുന്ന ഭരമേല്പിക്കലാണിത്. സേവകൻ ചുമതലാബോധത്തോടെ പ്രവർത്തിക്കുമെന്ന ചിന്തയിന്മേലാണ് താലന്തുകൾ നൽകുന്നത്.

ഈശോയുടെ രണ്ടാമത്തെ ആഗമനത്തിനായി കാത്തിരിക്കുന്ന ക്രിസ്തുശിഷ്യന്മാർ ജാഗരൂകതയോടെ പ്രതീക്ഷിച്ചിരിക്കുന്നതിനോടൊപ്പം ഓരോരുത്തരെയും ഭരമേല്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടും ശ്രദ്ധയോടും വിവേകത്തോടുംകൂടി ഫലപ്രദമായി ഉപയോഗിക്കണമെന്ന് ഈ ഉപമ പഠിപ്പിക്കുന്നു. ■

# രാഹുകാലം മാറി രാഹുൽകാലം വന്നു; പക്ഷേ, ശനിദശ മാറുന്നില്ല!



ഡോ. തോമസ് മൂലയിൽ

സുപ്രസിദ്ധ മനഃശാസ്ത്രജ്ഞനായ പിയാഷോ വ്യക്തിത്വരൂപീകരണത്തിന് ആധാരമായി മൂന്നു കാര്യങ്ങളാണ് എടുത്തുപറയുന്നത്. 1. ജന്മനാ ഉള്ള സിദ്ധി 2. പരിപോഷണം അല്ലെങ്കിൽ പരിശീലനം 3. സാഹചര്യം.

ഈ മൂന്നു ഘടകങ്ങളും ഏതാണ്ടു പൂർണതയിൽ ലഭിച്ചിട്ടുള്ള വ്യക്തിയാണ് രാഹുൽ ഗാന്ധി. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന, ആധുനിക ഇന്ത്യയുടെ ശില്പി എന്നു വിശേഷിപ്പിക്കപ്പെടുന്ന, പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെയും തുടർന്നു പ്രധാനമന്ത്രിയായി വന്ന അദ്ദേഹത്തിന്റെ മകൾ ഇന്ദിരാഗാന്ധിയുടെയും പേരക്കുട്ടിയാണു രാഹുൽഗാന്ധി. അദ്ദേഹത്തിന്റെ പിതാവ് രാജീവ്ഗാന്ധിയാണ് ഇന്ദിരാഗാന്ധിയുടെ രക്തസാക്ഷിത്വത്തെത്തുടർന്ന് ഇന്ത്യയുടെ പ്രധാനമന്ത്രിയായത്. വാസ്തവത്തിൽ, ആപൂർവങ്ങളിൽ അപൂർവമായ ഒരു കുടുംബപശ്ചാത്തലമാണ് രാഹുൽഗാന്ധിക്കുള്ളത്. ഇന്ത്യയിൽ മറ്റാർക്കും അവകാശപ്പെടാനാവാത്ത കുടുംബമഹത്ത്വം! അസൂയ പൂണ്ട നരേന്ദ്രമോദി രാഹുലിനെ രാജകുമാരൻ എന്നു വിളിച്ചാക്ഷേപിച്ചു!

പക്ഷേ, ആ രാജകുമാരൻ ഭാരത് ജോഡോ യാത്രയിലൂടെ ആർജിച്ചെടുത്ത ഖ്യാതി ഇന്ത്യയിൽ മറ്റൊരു നേതാവിനും നേടാൻ കഴിയാത്ത ഒരു റെക്കാർഡാണ്; മഹാത്മാഗാന്ധിക്കുപോലും! മഹാത്മാഗാന്ധി ഇന്ത്യ മുഴുവൻ ചുറ്റി സഞ്ചരിച്ചെങ്കിലും ദണ്ഡിയാത്രപോലുള്ള കാൽനടയാത്ര നടത്തിയിട്ടുണ്ടെങ്കിലും രാഹുലിന്റെ ജോഡോയാത്രയെ മറികടക്കാൻ പറ്റുന്നതായിരുന്നില്ല. ജോഡോയാത്രയിൽ ഒരു കുറ്റവും കാണാനില്ലാതെ വന്നപ്പോൾ റ്റീഷർട്ടിട്ടതാണു ലക്ഷണപ്പിശകായി മോദിജിക്കു തോന്നിയത്. അദ്ദേഹം പോകുന്നതുപോലെ സ്വർണത്തലപ്പാവും കെട്ടി കുറിയുംതൊട്ട് കാലേൽ മണ്ണുപറ്റിക്കാതെ നടത്തുന്ന യാത്ര മാതൃകയായി സ്വീകരിക്കണമെന്നായിരിക്കാം അദ്ദേഹം ഉദ്ദേശിച്ചത്. പ്രജകളെപ്പേടിച്ച് മണിപ്പുരിൽ കാലുകുത്താതിരുന്ന മോദിജി, രാഹുൽ കൈയും വീശി നടന്ന് ആ പാവപ്പെട്ട മനുഷ്യരുടെ ഇടയിലേക്കിറങ്ങിച്ചെന്ന് അവരിലൊരാളായി മാറിയതും നിലത്തു വട്ടംകൂടിയിരുന്നു വർത്തമാനം പറയുന്നതും അവർക്കൊപ്പം ഭക്ഷണം കഴിക്കുന്നതും അവരുടെ കണ്ണീരൊപ്പുന്നതുമൊക്കെക്കണ്ട് അന്തംവിട്ടുപോയി. ആ യാത്രയിലൂടെ സാമാന്യജനങ്ങളുടെയും പാവപ്പെട്ട പട്ടിണിക്കോലങ്ങളുടെയും അടുത്തുചെന്ന് അനുഭവിച്ചറിഞ്ഞ കാര്യങ്ങൾ പാർലമെന്റിൽ വികാരാധീനനായി പ്രധാനമന്ത്രിയുടെയും അമിത് ഷായുടെയുമൊക്കെ മുഖത്തുനോക്കി കൈചൂണ്ടി സംസാരിച്ചപ്പോൾ വർഗീയവെറി പൂണ്ട നേതാക്കന്മാരും മണിമന്ദിരങ്ങളിൽ ഉണ്ടുകുളിച്ചാഹ്ലാദിച്ചു കഴിഞ്ഞുകൂടുന്ന നേതൃപുംഗവന്മാരും ചൂളിച്ചുരുണ്ടുപോകുന്ന കാഴ്ച ചാനലുകളിലൂടെ ജനങ്ങൾ കണ്ടപ്പോൾ, രാഹുലിനു ലഭിച്ച മൈലേജ് എത്രമാത്രമാണ്!

ഇപ്പോഴുള്ള ഒരു ആരോപണം ഒരമ്മയും രണ്ടുമക്കളും പാർലമെന്റിൽ എത്തുന്നു എന്നതാണ്. ഇന്ത്യയുടെ പ്രധാനമന്ത്രിയാകാൻ സമ്മർദംകൊണ്ടു വീർപ്പുമുട്ടിച്ചപ്പോൾ അതു തൃണവത്ഗണിച്ച മഹതിയാണു സോണിയാഗാന്ധി. ഇന്ത്യയിൽ ഏതെങ്കിലുമൊരു നേതാവിനു ചിന്തിക്കാൻ പറ്റുന്ന കാര്യമാണോ അത്? അധികാരക്കസേരയ്ക്കുവേണ്ടി കടിപിടികൂടുന്ന രാഷ്ട്രീയസംസ്കാരത്തിന്റെ മുമ്പിൽ സോണിയാജി ഒരു ചോദ്യചിഹ്നവും ദീപസ്തംഭവുമാണ്! രാഹുലോ? എത്രമാത്രം സമ്മർദമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റാകാൻ രാഹുലിന്റെ മേലുണ്ടായത്. പക്ഷേ, അദ്ദേഹത്തിന്റെ പ്രതികരണം എല്ലാവരെയും അദ്ഭുതപ്പെടുത്തി. കേരളത്തിലെ മന്ത്രിപുംഗവന്മാർ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പഞ്ചനക്ഷത്രവാഹനത്തിൽ ഡസൺ കണക്കിനു വണ്ടികളുടെ അകമ്പടിയോടെ പ്രജകളെ കാണാൻ നടത്തിയ വർണപ്പകിട്ടാർന്ന എഴുന്നള്ളത്തു പര്യടനം ഇപ്പോഴും പ്രജകളുടെ മനസ്സിൽ വേദന പകർന്നു നില്പുണ്ടല്ലോ. അങ്ങനെ, കേരളത്തിലെയും കേന്ദ്രത്തിലെയും നേതാക്കന്മാരുടെ മുമ്പിൽ ഉത്തരം കിട്ടാത്ത ചോദ്യചിഹ്നമായി വിരാജിക്കുകയാണ് രാഹുൽ. ചുരുക്കത്തിൽ കോൺഗ്രസിന്റെ രാഹുകാലം മാറി രാഹുൽകാലം വന്നിരിക്കുകയാണ്.

പക്ഷേ, ഇതു താത്കാലികമാണ്. ശനിദശ വിട്ടുമാറുന്നില്ല. കോൺഗ്രസിന്റെ ഇന്നത്തെ അവസ്ഥ തയ്ക്കുംതോറും വിട്ടുവിട്ട് എന്നപോലെയാണ്. രാഹുൽ കഷ്ടപ്പെട്ട്, ഒരു വിധത്തിൽ എല്ലാം ഒന്നു ശരിയാക്കിക്കൊണ്ടുവരുമ്പോൾ, ഏതെങ്കിലും ഒരു നേതാവോ അദ്ദേഹത്തിന്റെ കീഴിലുള്ള 'ക്ലിക്കോ' അതു കുളമാക്കും. നമ്പ്യാരാശാൻ പറയുന്നതുപോലെ, 'വൃദ്ധന്മാരൊരുകൂട്ടം നിറഞ്ഞു ഭൂതലം തന്നിൽ.' ഭൂതലത്തിൽ മുഴുവനും വൃദ്ധാധിപത്യം ഒരു പ്രശ്നമാണെങ്കിലും കോൺഗ്രസിൽ അത് അതിന്റെ ഉച്ചസ്ഥായിയിലാണ്. ഒരു നാഴി മറ്റൊരു നാഴിയിലിറങ്ങുകേലല്ലോ. എല്ലാവരും നേതാക്കന്മാരാണ്! ആധിപത്യം ഉറപ്പിക്കാനല്ലാതെ, അധീനപ്പെടാൻ ഒരുക്കമല്ല. നയിക്കുകയല്ലാതെ, നയിക്കപ്പെടാനുള്ള വഴക്കമില്ല. നേതൃത്വത്തിനുവേണ്ടിയുള്ള വടംവലിയും കടിപിടിയും! അതാണു കോൺഗ്രസിൽ, അല്ല, അതേയുള്ളൂ ആ പാർട്ടിയിൽ. "ജ്യേഷ്ഠനിരിക്കേ കുരുവംശത്തിൽ ശ്രേഷ്ഠൻ താനെന്നവനുടെ ഭാവം." യുധിഷ്ഠിരനാണു മൂപ്പൻ; പക്ഷേ, അർജുനനാണു മിടുക്കൻ എന്നാണ് അയാളുടെ ചിന്ത. കോൺഗ്രസിലാകുമ്പോൾ എല്ലാവരും ജ്യേഷ്ഠന്മാരും ശ്രേഷ്ഠന്മാരുമാകുന്നു! മൊത്തം ഇതാണു ഗതിയെങ്കിലും കേരളത്തിൽ അതേയുള്ളൂ. ഏക്കമുട്ടുന്നതുവരെ കിളവന്മാർ പിടിച്ചുനില്ക്കും. കൂട്ടുകുടുംബങ്ങളിൽ ഒരു വീട്ടിൽത്തന്നെ കാരണവന്മാർ പലരുണ്ടാകും. കോൺഗ്രസിൽ ചേരുമ്പോൾത്തന്നെ എടുക്കുന്ന ഒരു പ്രതിജ്ഞയുണ്ട്: "ഇന്നു മുതൽ മരണംവരെ ഞാൻ നേതാവായി ഇരുന്നുകൊള്ളാം! പിള്ളേരൊറ്റയെണ്ണത്തിനെ തല പൊക്കാൻ സമ്മതിക്കുകയില്ല. നെഹ്രുകുടുംബത്തിൽ ജന്മംകൊണ്ടും കർമംകൊണ്ടുമാണ് നേതൃത്വത്തിലേക്കു വരുന്നത്. ജന്മംകൊണ്ടുതന്നെ നേതൃത്വത്തിലേക്കു കടന്നുവരാൻ സമ്മർദം ഉണ്ടായപ്പോൾ സ്വയം പിന്മാറുന്ന പാരമ്പര്യമാണവർക്കുള്ളത്. പ്രിയങ്കാഗാന്ധി അമ്പത്തിരണ്ടാമത്തെ വയസ്സിലാണ് ആദ്യം സ്ഥാനാർഥിയായി മത്സരിക്കുന്നത്.



ഇപ്പോൾ 'ബൈ ഇലക്ഷൻ' നടക്കുകയാണല്ലോ. കൊഴിഞ്ഞുപോക്കും മറുകണ്ടംചാടലും സസ്പെൻഷനും ഡിസ്മിസലും പൊടിപൂരം. ഇറങ്ങിപ്പോക്കും കേറിവരവും അവസരത്തിനൊപ്പിച്ചു തരപ്പെടുത്തുകയും ചെയ്യും. അങ്ങനെ ഓരോരോ കാരണങ്ങളാൽ കോൺഗ്രസിന്റെ ശനിദശ മാറുന്നില്ല. ശനിദശ മാറ്റാൻ തിരഞ്ഞെടുപ്പാകുമ്പോൾ പള്ളികളിലും അമ്പലങ്ങളിലും മോസ്കുകളിലും കയറിയിറങ്ങാറുണ്ട്. അതു സ്വന്തം ശനിദശ മാറ്റാനാണ്; അല്ലാതെ, പാർട്ടിയുടേതല്ല. ഈശ്വരൻ രാഷ്ട്രീയസമ്മർദത്തിനോ കൈക്കൂലിക്കോ വഴങ്ങുകേലല്ലോ. അതുകൊണ്ട്, കോൺഗ്രസുകാർ ഗാന്ധിജിയുടെ കാല്ക്കൽ വീഴട്ടെ. ആ മഹാത്മാവ് കോൺഗ്രസിനെ രക്ഷിക്കട്ടെ!

---

ശ്രേഷ്ഠമലയാളം

## ആസകലം



ഡോ. ഡേവിസ് സേവ്യർ

"ഇവൾ പാടെന്റേറിന്തേയുളൻ, നവരമാതകലം മുന്നേ" (രാമചരിതം, പടലം 119, പാട്ട് 8). ഇവൾക്ക് ആതകലം പിഴയില്ല എന്നു ഞാൻ തീർച്ചയായും മുമ്പുതന്നെ അറിഞ്ഞിരിക്കുന്നു. സംസ്കൃതത്തിലെ ആസകലമാണ് പ്രാചീനമലയാളത്തിലെ ആതകലം. 'ആസകല'ത്തിന്റെ തദ്ഭവമാണ് ആതകലം എന്നും പറയാം. ആ + സകലം = ആസകലം. മുഴുവനും (എല്ലാം, ആകെപ്പാടെ) എന്നാണ് ആസകലം എന്ന വാക്കിന്റെ അർഥം. "ആസകലം എന്നതിനുതന്നെ മുഴുവനും എന്നർഥമുള്ളതിനാൽ ആസകലവും എന്ന പ്രയോഗം ശരിയല്ല."* ഇത് കേവലം ഒരു ഭാഷാപദമായി പ്രയോഗിക്കുന്നതിനാൽ ഭാഷാകവികൾക്ക് വിരോധമില്ലായിരിക്കാം. ഞാൻ അങ്ങനെ പ്രയോഗിക്കയില്ലെന്നേയുള്ളൂ* എന്ന് കേരളവർമയും രേഖപ്പെടുത്തിയിട്ടുണ്ട്.

ആസകലം അർഥപരമായി സമുച്ചയം നിപാതം ചേർന്ന പദമാണ്. വീണ്ടും ഉം ചേർത്ത് ആസകലവും എന്നായാൽ അവിടെ പുനരുക്തിദോഷം വന്നുചേരും. സാങ്കേതികമായി പറഞ്ഞാൽ പ്രത്യയപൗനരുക്ത്യം. അതായത്, ഉം എന്ന സമുച്ചയനിപാതത്തിന്റെ അനാവശ്യമായ ആവർത്തനം. ഇതേക്കുറിച്ച് ഭാഷാശാസ്ത്രജ്ഞനായ വി. ആർ. പ്രബോധചന്ദ്രൻനായരുടെ നിരീക്ഷണം ഇവിടെ ചേർക്കുന്നു: "ആസകലം = മുഴുവനും. മറ്റു പല വാക്കുകളോടുമെന്നതിൻവണ്ണം 'ആസകല'ത്തോടും ഉം ചേർക്കാനാണ് മലയാളിക്കിഷ്ടം. മുഴുവൻ എന്നു പറഞ്ഞാൽ മതി; എങ്കിലും മുഴുവനും എന്നു പറഞ്ഞുപോകുന്നു. മലയാളി സംസ്കൃതം എഴുതുമ്പോൾ ഈ 'ഉം', 'അപി' എന്ന രൂപത്തിലോ മറ്റോ കടന്നുവരും. 'ഗർവം ആസകലമപിതീരും' (രാവണവിജയം ആട്ടക്കഥ). ആസകലത്തിനുശേഷം വരുന്ന അപി മലയാളത്തിലെ ഉം തന്നെയല്ലേ? എങ്കിലും, അത് സദാ കൂടിയേ തീരൂ എന്നില്ല. ഉദാ. "ശരീരമാസകലം എണ്ണതേച്ച്..."* ചുരുക്കിപ്പറയട്ടെ: ഒന്നുകിൽ ആസകലം അല്ലെങ്കിൽ മുഴുവനും. ആർഥികമായി ആസകലത്തോട് ഉം ചേർക്കേണ്ടതില്ലെന്നു പൊരുൾ.

* ദാമോദരൻനായർ, പി., അപശബ്ദബോധിനി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013, പുറം – 76

** ഗോപാലപിള്ള, കെ.എൻ., അപശബ്ദശോധിനി, എൻ.ബി.എസ്. കോട്ടയം, 2010, പുറം – 25

*** പ്രബോധചന്ദ്രൻ നായർ, വി.ആർ. ഡോ., എഴുത്തു നന്നാവാൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015, പുറം – 58

Deepanalam Weekly
RNI No : 16998/68
Vol. 57 No. 36 Date of Publication 7 November 2024
Annual Subscription Rate ₹ 400 (For Abroad ₹4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

സ്വർണ്ണം വിൽക്കാൻ
ഏറ്റവും നല്ലത് നമ്മുടെ
അച്ചായൻസ് തന്നെ

KERALA'S NO.1 GOLD BUYER

TONY VALLIALIL ACHAYANS GROUP
SINCE 2005

അച്ചായൻസ്
ഗോൾഡ് 916 HALLMARKED JEWELLERY

പാലാ | ഉഴവൂർ | കരിങ്കുന്നം

കോട്ടയം | ചങ്ങനാശ്ശേരി | ഏറ്റുമാനൂർ | എറണാകുളം | തൊടുപുഴ
ചിങ്ങവനം | സംക്രാന്തി | കടുത്തുരുത്തി | കടുവാക്കുളം | ചേർത്തല

Ph: 9072 388 172 | 8590 046 916

CASH FOR GOLD






നന്മ ഹോം നഴ്സിങ്
Reg No. K. 252/2024
H.O. പാലാ Br. കൊഴുവനാൽ

ആശുപത്രി കൂട്ടിരിപ്പ് | രോഗീപരിചരണം
വീട്ടുജോലി | ബേബി കെയർ
പ്രസവശുശ്രൂഷ

ജോലിക്കാരെ ആവശ്യമുള്ളവരും ജോലി ആവശ്യമുള്ളവരും
ഈ നമ്പറുകളിൽ ബന്ധപ്പെടുക
PH: 9074248155, 7025092689, 8547743590
100 ശതമാനം ഉത്തരവാദിത്വം


916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ
ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ഫൈനാൻസിയേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപ മാത്രം പലിശ

കൊറ്റത്തിൽ ആയുർവേദ
ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org